# AN INSIGHT INTO THE SACRED SCRIPTURES OF THE HINDU FAITH

# ഹൈന്ദവ ധർമ്മശാസ്ത്രത്തിന്റെ ഉള്ളറകളിലേക്ക് പരിശുദ്ധ വേദങ്ങളിലൂടെയുള്ള ഒരു അന്തർദർശനം




**MUNIR AHMAD AZIM**

**HAZRAT MUHYI-UD-DIN KHALIFATULLAH**

**JAMAAT-UL-SAHIH-AL-ISLAM**

Translated By

*R. Jamaludin Raother / Ameer Jamaat-Ul-Sahih-Al-Islam,*

*South Kerala, India.*

*E-mail : jamal.raother@gmail.com*

## പരമകാരുണികനും കരുണാമയനുമായ ദൈവത്തിന്റെ നാമത്തിൽ

## Translator's Note/ പരിഭാഷക കുറിപ്പ്

**An Insight into the sacred scriptures of the Hindu faith (ഹൈന്ദവ ധർമ്മ ശാസ്ത്രത്തിന്റെ ഉള്ളറകളിലേക്ക് പരിശുദ്ധ വേദങ്ങളിലൂടെയുള്ള ഒരു അന്തർദർശനം)** എന്ന പുസ്തകം രചിച്ചത് ഹിജ്റ 15-ാം നൂറ്റാണ്ടിലെ മുഹ്യിദ്ദീനും ഖലീഫത്തുല്ലാഹ്യുമായ ഹസ്രത് മുനീർ അഹ്മദ് അസീം അവർകളാകുന്നു. ഹൈന്ദവ ധർമ്മ ശാസ്ത്രങ്ങളുടെ ഉള്ളറകളിലേക്ക് പരിശുദ്ധ വേദങ്ങളിലൂടെയുള്ള ഒരു അന്തർദർശനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

മൗറിഷ്യസ് സ്വദേശിയായ ഹസ്രത് മൂനിർഅഹ്മദ് അസീം ഒരു ലോകസഞ്ചാരിയും, സമാധാന ദൂതനുമാകുന്നു.

ലോകജനതയെ ദൈവത്തിന്റെ കുടുംബമായി കാണുകയും, ശ്രീ പരമേശ്വരന്റെ കുടുംബത്തിലെ ഒരാളോടും മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ അഹിതം ചെയ്യരുതെന്നും, ധർമ്മം സ്ഥാപിക്കുവാനായി, സ്നേഹമെന്ന മാസ്മരിക വൃക്ഷം ഹൃദയാന്തർ ഭാഗത്ത് നട്ടുവളർത്തി, ലോകത്തിന് തണലേകി, ഫലാദികൾ നല്കി, ഭൂവാസികളെ മുഴുവൻ സംരക്ഷിക്കുവാൻ ഭൂമുഖത്തെ ഓരോരുത്തരോടും അദ്ദേഹം ഉപദേശിക്കുന്നു.

ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷ, ദേശങ്ങൾക്കതീതമായി, മാനവകുലത്തെ ഒന്നായി കാണുവാനും, അവരിൽ നന്മ വളർത്തുവാനും അതിലൂടെ മാത്രമേ ലോകത്തെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു എന്ന വിശ്വമാനവിക ദർശനമാണ്, എല്ലാ മതങ്ങളും ഉത്ഘോഷിക്കുന്നതെന്നും അദ്ദേഹം അടിവരയിട്ടു പറയുന്നു. അല്പകാലജീവിതത്തിൽ ദൈവസായൂജ്യം ആഗ്രഹിക്കുന്നവരുടെ മാർഗ്ഗം ഇതു തന്നെയാണ്.

ഇംഗ്ലീഷ് ഭാഷയിൽ വിരചിതമായ പ്രസ്തുത കൃതിയുടെ മലയാള പരിഭാഷ സവിനയം മലയാളവായനക്കാരുടെ മുൻപാകെ സമർപ്പിക്കുന്നു.

**ആർ. ജമാലുദ്ദീൻ റാവുത്തർ**
**അമീർ**
**ജമാത്തുസ്സഹീഹിൽ ഇസ്ലാം**
**Reg No. A. 693/ 2010**

**മാത്ര**
**29-03-2019**

بسم الله الرحمن الرحيم

# AN INSIGHT INTO THE SACRED SCRIPTURES OF THE HINDU FAITH

# ഹൈന്ദവ ധർമ്മശാസ്ത്രത്തിന്റെ ഉള്ളറകളിലേക്ക് പരിശുദ്ധ വേദങ്ങളിലൂടെയുള്ള ഒരു അന്തർദർശനം

## PREFACE/മുഖവുര

ഈ ഗ്രന്ഥം രചിക്കുന്നതിന് മുൻപ്, ഞാൻ വളരെയധികം പ്രാർത്ഥക്കുകയുണ്ടായി. അങ്ങനെ എന്റെ സൃഷ്ടാവ് (അതായത് സമാനതകളില്ലാത്തവനും സമ്പൂർണ്ണ പരമോന്നതനുമായ ദൈവം, അല്ലാഹു) എനിക്ക് മാർഗദർശനം നല്കി, എന്നെ സഹായിച്ചു, എനിക്ക് അറിവ് പകർന്നുനല്കി. ഹൈന്ദവതയെകുറിച്ച് എഴുതുന്നതിനായി! ആയതിനാൽ അനേകം വായനക്കാർക്കും എന്റെ അനേകം ഹിന്ദു സ്നേഹിതർക്കും, ഹിന്ദു വിശ്വാസത്തിന്റെ പരിശുദ്ധഗ്രന്ഥങ്ങളെക്കുറിച്ച്, അതിൽ കടന്നുകൂടിയ അതിശയോക്തിപരമായ കാര്യങ്ങളെക്കുറിച്ച്, തെറ്റിദ്ധാരണകളെകുറിച്ച്, കാലപഴക്കത്തിൽ നുഴഞ്ഞു കയറിയ ഇത്തരം കാര്യങ്ങളെകുറിച്ച് ഒരവബോധമുണ്ടാകുമെന്നാശിക്കുന്നു.

*Munir Ahmad Azim*
*Hazrat muhyi-ud-din khalifatullah*
*Jamaat-ul-sahih-al-islam*

*07 Rabi'ul Aakhir 1433 Hijri*
*01- March 2012*

# INTRODUCTION/അവതാരിക

വേദാന്തിസം, എന്നതിനെ സാധാരണ ഹിന്ദുയിസം എന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്. അത് മാനവകുലത്ത് അറിയപ്പെടുന്ന ഏറ്റവും പഴക്കമുള്ള ദൈവീക വിചാരധാരയാണ്. യഥാസ്ഥിതിക നിർണ്ണയ പ്രകാരം 5400 വർഷങ്ങൾക്കു മുമ്പാണ് ഇതിന്റെ വേരുകൾ ചെന്നു ചേരുന്നത്. ഏറ്റവും പ്രാചീനമായ ഈ സംസ്ക്കാരത്തിന്റെ/ പരിഷ്ക്കാരത്തിന്റെ തെളിവുകൾ കണ്ടെടുക്കപ്പെട്ടത് മോഹൻജദാരോയിലും, ഹാരപ്പായിലുമാണ്. മോഹൻജദാരോ സിന്ധു നദിതീരത്തിലും, ഹാരപ്പ പഞ്ചാബിലെ രവീ നദീ തീരങ്ങളിലുമാകുന്നു.

ഈ കാലഘട്ടത്തിൽ ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളിൽ ഒന്നാണ് ഹിന്ദുമതം. ഇതിന്റെ അനുയായികളിൽ വളരെ കൂടുതലും ഇൻഡ്യയിലാണ് കാണപ്പെടുന്നത്. 700 ദശലക്ഷം മില്യണിൽ കൂടുതൽ അനുയായികളുണ്ട്, അത് ലോകജനസംഖ്യയിൽ 13% വരുന്നുണ്ട്. ഇത് വളരെ സങ്കീർണ്ണമായ ഒരു മതമാകുന്നു. ഇത് സ്ഥാപിച്ചത് ഏതെങ്കിലും ഒരു വ്യക്തിയല്ല. അതുകൊണ്ട് തന്നെ അതിനെ നിർവചിക്കുവാനും പ്രയാസമാകുന്നു. നൂറ്റാണ്ടുകളിലൂടെ, ഭാരതത്തിന്റെ കുടക്കീഴിൽ, ആതിഥേയത്വം നല്കി വളർന്നു പന്തലിച്ച മതങ്ങളുടെ സമുച്ചയമാകുന്നു. ഹിന്ദുക്കൾ, ഇന്ന് അവരുടെ ജീവിതത്തിൽ, വന്ദിക്കുന്ന, ദാർത്തിമാ **(Dharti Ma)** മാതൃഭൂമി ആകുന്നു അത്.

## വേദങ്ങൾ, അഥവാ ഹൈന്ദവ ദേവന്മാർ

വേദങ്ങൾ എന്ന് പറയുന്നത്, ഹൈന്ദവ വിശ്വാസത്തിലെ പരിശുദ്ധ ധർമ്മശാസ്ത്രാദികളെ / വേദപുസ്തകങ്ങളെ ക്രോഡീകരിക്കപ്പെട്ടതാകുന്നു. ഇവ ഏതെങ്കിലും ഒരു വ്യക്തിയാൽ ഉണ്ടാക്കപ്പെട്ടതല്ല. ആയരിക്കണക്കിന് വർഷങ്ങളിലൂടെ ദൈവം താൻ തന്നെ, ഋഷിമാരിലൂടെയും അഥവാ ദിവ്യന്മാരിലൂടെയും

ബോധനം നല്കപ്പെട്ടതാണ് എന്നവർ വിശ്വസിക്കുന്നു. അങ്ങനെ ദൈവത്തിൽ നിന്നും ലഭിച്ച പ്രസ്തുത വചനങ്ങൾ അവർ (ഋഷി മാർ) അവരുടെ അനുചരന്മാർക്ക് പകർന്നു നല്കുകയുണ്ടായി.

ക്രിസ്തുവിന് മുൻപ് ഏകദേശം 14-ാം നൂറ്റാണ്ടിലാണ്, എഴുതപ്പെട്ട നിലയിൽ, വേദങ്ങൾ പ്രത്യക്ഷപ്പെടുന്നത്. എന്നിരുന്നാലും ഇതിന്റെ ഏറ്റവും പഴക്കമുള്ള മന്ത്രങ്ങൾ **(MANTRAS)** അഥവാ **(HYMNS)** ദേവസ്തുതികൾ ക്രിസ്തുവിന് മുൻപ് 24000 വർഷങ്ങളോടടുപ്പിച്ചാണ് അവ ക്രമപ്പെടുത്തിയതെന്നു പറയപ്പെടുന്നു. നാലുവേദങ്ങളിൽ **(REG)** ഋഗ് വേദമാണ് ഏറ്റവും പഴക്കമുള്ളത്. അതേ തുടർന്ന് യജൂർ **(YAJUR)** വേദവും, അതിനെ തുടർന്ന് സാമവേദവും, അവയ്ക്ക് ശേഷം അഥർവ **(ATHARAVA)** വേദവും ക്രമീകരിക്കുകയുണ്ടായി. ഇവ ഓരോന്നിലും രണ്ട് പ്രധാനഭാഗങ്ങൾ ഉണ്ട്. ഒന്ന് സംഹിതകളും, അവയിലുള്ളത് ദേവസ്തുതികളുടെ സമാഹാരമാകുന്നു. രണ്ടാം ഭാഗത്ത് ബ്രഹ്മനാസ് **(BRAHMAS)** ആകുന്നു. അവ ആചാരപ്രമാണപരമായ അഥവാ (പൂജാ) കർമ്മാനുഷ്ഠാനപരമായ ധർമ്മോപദേശമാകുന്നു. അവയെ ഉപനിഷ്ത്തുകളുമായി ബന്ധിച്ചിരിക്കുന്നു.

ഈ സമഗ്രസമാഹാരത്തെ, ദിവ്യവെളിപാടുകളിലൂടെ നല്കപ്പെട്ട വേദഗ്രന്ഥങ്ങളും, അതിന്റെ അനുബന്ധ വിശദീകരണങ്ങളും, അടങ്ങുന്നതാണ് സ്തുതി **(SRUTI)** കൾ, അതിന്റെ അനുബന്ധ വിവരങ്ങൾ അടങ്ങുന്ന പുരാണങ്ങളും **(PURANAS)** 18 ചരിത്രപരമായ അനുബന്ധങ്ങളും, ഉപനിഷത്തുകളും, 108 ദാർശനികമായ ചെറുപുസ്തകങ്ങളും (നിബന്ധങ്ങളും) അവയിൽ അന്തർധാര രഹസ്യങ്ങളും, യോഗാത്മക ദർശനപരമായ വിധികളും, സിദ്ധാന്തങ്ങളും ഉൾക്കൊള്ളുന്നവയാകുന്നു.

## HINDU CULTURE/ഹിന്ദുസംസ്ക്കാരം

ആധുനിക ബുദ്ധിസം ഒഴികെയുള്ള എല്ലാ മതങ്ങളിലും ദൈവം എന്ന ആശയം ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഘടകമാകുന്നു, വേദങ്ങളുടെ മതവും (VEDANTIC RELIGION) അത് സ്വയമേവ തന്നെ, ഈശ്വരൻ ഒരു നിയന്താവ് എന്ന ആശയത്തെ അംഗീകരിക്കുന്നു. പ്രസ്തുത പരമായ ദൈവത്തെ പരമേശ്വരൻ എന്ന് വിളിക്കുന്നു. എന്നുവരികിലും, വേദങ്ങൾ ഒരു വിഗ്രഹത്തെയും പറ്റി പരാമർശച്ചിട്ടില്ലെങ്കിലും, ഹിന്ദുസംസ്ക്കാരം 330 മില്യൺ (ഒരു മില്യൺ എന്നാൽ ദശലക്ഷം ആകുന്നു) ദേവന്മാരെയും ദേവിമാരെയും അംഗീകരിക്കുന്നു. അതിൽ ഹിന്ദുത്രിമൂർത്തികളിൽ ഒന്നാമത്തെ വ്യക്തിയായി ബ്രഹ്മാവിനെ കണക്കാക്കുന്നു. സാധാരണ ത്രിമൂർത്തികളെന്ന് പറയപ്പെടുന്നതിൽ ഒന്നാമൻ പരമാത്മാവ് എന്ന നിലയിലാണ് പരിഗണിക്കുന്നത്. അതുപോലെ പ്രപഞ്ചത്തിന്റെ ആത്മാവായും കണക്കാക്കുന്നു. എല്ലായിടത്തും അതിന്റെ സാന്നിധ്യം ഉള്ളതായും, എല്ലാത്തിലും കുടികൊള്ളുന്നതായും, അനന്തമായി നിലനില്ക്കുന്നതാണെന്നും വിശ്വസിക്കുന്നു.

ബ്രഹ്മാവിനെ ഒരു വ്യക്തി ആയിട്ടല്ല പ്രസ്താവിച്ചിട്ടുള്ളത്. ബ്രഹ്മാവ് അഥവാ പ്രജാപതി എന്ന് വിളിക്കപ്പെടുന്നത്, അത് അതിന്റെ യഥാർത്ഥമായ നിലനില്പ് അത് സ്വയം വെളിപ്പെടുത്തുന്നതാണ് എന്ന് വിശ്വസിക്കുന്നു. അതിനെ പരമോന്നതനായി ജീവിച്ചിരിക്കുന്നവൻ എന്ന് കണക്കാക്കപ്പെടുന്നു. ബൗദ്ധികതത്വത്തിന്റെ, മഹത്തായ, നിഗൂഢമായ കാരണമായി കണക്കാക്കുന്നു. കാലത്തിനും സ്ഥലത്തിനും അതീതമായവൻ, ഹാനിസംഭവിക്കാത്തവൻ, നാശം സംഭവിക്കാത്തവൻ, രൂപത്തിൽ മാറ്റം വരുത്താത്തവൻ എന്നാൽ പദാർത്ഥത്തിൽ മാറ്റമില്ലാത്തവൻ, മുഖ്യകാര്യവും, മുഖ്യകാരണവും അവൻ തന്നെ. സ്വയം ഉല്പാദിപ്പിക്കുന്നവനാണ്, ഹൃദയ നിലവറകളെ പ്രകാശിപ്പിക്കുന്നവനാണ്. അവിഭാജ്യമായവനാണ്, അതീവ ബുദ്ധിമാനാണ്, നാശം സംഭവിക്കാത്തവനാണ്, വിവിധ രൂപത്തിലുള്ളവനാണ്. പ്രപഞ്ചത്തിന്റെ എൻജിനീ

യറായി അവനെ കണക്കാക്കപ്പെടുന്നു. അവൻ എല്ലാത്തിന്റെയും സൃഷ്ടാവുമാണ്.

സൃഷ്ടിപ്പിന്റെ വളരെ രസകരമായ ഒരു കണക്ക്, ധർമ്മശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു. ഈ പ്രപഞ്ചം അന്ധകാരത്തിൽ ആവരണം ചെയ്തപ്പോൾ, ബ്രഹ്മാവ്, പഞ്ചേന്ദ്രിയങ്ങൾക്കും അപ്പുറത്തുള്ളവൻ, ആർക്കും പിടികൊടുക്കാത്തവർ, ദൃഷ്ടിഗോചരമല്ല, അവൻ, അനന്തനായവൻ, എല്ലാ സാധനങ്ങളുടെയും, സത്തയായുള്ളവൻ, മാനവബുദ്ധിക്ക് അപ്രാപ്യമായവൻ, അവൻ സ്വയം പ്രത്യക്ഷനായി അവൻ തന്റെ സ്വയം ഇച്ഛയാൽ, വിവിധങ്ങളായ സൃഷ്ടികളെ, ജീവികളെ അവന്റെ തന്നെ ശരീരത്തിൽ നിന്നും സൃഷ്ടിക്കുവാൻ തീരുമാനിച്ചു. ആദ്യം ജലത്തെ സൃഷ്ടിച്ചു എന്നിട്ടവയിൽ വിത്തു നിക്ഷേപിച്ചു.

അത് ഒരു സുവർണ്ണ അണ്ഡമായി തീർന്നു. അത്യുജ്ജലമായ സൂര്യനെപോലെ, അതിൽ അവൻ, അവൻതന്നെ, ബ്രഹ്മാവ് എന്ന നിലയിൽ ജനിച്ചു, മുഴുലോകത്തിന്റെയും, ജനയിതാവ് എന്ന നിലയിൽ വിഷ്ണു പുരാണത്തിൽ ഈ അണ്ഡത്തെകുറിച്ച് വർണ്ണിച്ചിട്ടുണ്ട്. ഈ അണ്ഡം കൊണ്ട് പർവ്വതങ്ങളും, അതിശക്തമായ സമുദ്രങ്ങളും അതിലെ ദ്വാരത്തിലൂടെ നിറയ്ക്കപ്പെട്ടു. അതിൽ ഭൂഖണ്ഡങ്ങളും, സമുദ്രങ്ങളും, പർവ്വതങ്ങളും, ഗ്രഹങ്ങളും, പ്രപഞ്ചത്തിലെ മറ്റു വിഭാഗങ്ങളും, അതോടൊപ്പം ദേവൻമാരും, ഭൂതഗണങ്ങളും, മാനവകുലവും ! തുടർന്നു പറയുന്നു ഇതിൽ ഒരായിരം വർഷം സൃഷ്ടാവ് അതിൽ തന്നെ വസിച്ചു. തുടർന്ന് അണ്ഡം പൊട്ടിത്തെറിക്കുകയും, ബ്രഹ്മാവ് ധ്യാനത്തോടെ പ്രത്യക്ഷനാവുകയും സൃഷ്ടിജോലികൾ ആരംഭിക്കുകയും ചെയ്തു.

അവൻ ആദ്യം ഭൂമിയെ ഉയർത്തി. അത് വെള്ളത്തിൽ മുങ്ങികിടക്കുകയായിരുന്നു. എന്നിട്ട് സൃഷ്ടിപ്പിന്റെ മറ്റു കാര്യങ്ങൾ തുടർന്നു. മത്സ്യപുരാണം, ആദ്യസ്ത്രീയെ സൃഷ്ടിച്ചതു സംബന്ധമായി ഒരു വിവരണം നല്കുന്നുണ്ട്, അത് പ്രസ്താവിക്കു

ന്നു. അതായത് ബ്രഹ്മാവ്(സൃഷ്ടാവ്) അവൻ തന്റെ തന്നെ ശുദ്ധ പ്രകൃതിയാൽ ഒരു സ്ത്രീയുടെ രൂപം പ്രാപിക്കുകയും, പ്രസ്തുത രൂപത്തെ സരസ്വതി എന്നും അഥവാ സാവിത്രി എന്നും ബ്രഹ്മണി എന്നും പറയപ്പെടുന്നു.

ബ്രഹ്മാവ് നിലവിൽ വന്നതു സംബന്ധമായി അനേകം അഭിപ്രായ വ്യത്യാസങ്ങളും ഐതിഹ്യങ്ങളും നിലവിലുണ്ട്. അതിൻ പ്രകാരമുള്ള ഒരു സംഭവം ധർമ്മ ശാസ്ത്രയിൽ വിവരിക്കുന്നുണ്ട്. അണ്ഡത്തിൽ അദ്ദേഹം (ബ്രഹ്മാവ്) താമസിച്ചത്. ഒരു വർഷം മാത്രമാണ്. അതിനു ശേഷം പ്രസ്തുത അണ്ഡം രണ്ടായി പിളർന്നു അദ്ദേഹം അങ്ങനെ ചിന്തിച്ചതിനാൽ! എന്നാൽ മത്സ്യ പുരാണത്തിൽ പറയുന്നത് ത്രീമൂർത്തിയിലെ മൂന്നാമത്തെ വ്യക്തിയായ ശിവനാണ് ആദ്യമായി ഉണ്ടായതെന്നും എന്നിട്ടാണ് ബ്രഹ്മാവിനെ സൃഷ്ടിച്ചതെന്നും!

ഈ സവിശേഷ ഐതിഹ്യം സങ്കല്പിക്കുന്നത്, മുൻപ് ഒരു സൃഷ്ടിപ്പ് നിലനിന്നിരുന്നു. എന്നിട്ട് അത് മുന്നോട്ടു പോവുകയും എന്നിട്ട് പ്രസ്താവിക്കുകയും ചെയ്യുന്നു. എല്ലാം നശിപ്പിക്കപ്പെട്ടു അങ്ങനെ മുൻസൃഷ്ടിപ്പിലെ ഒന്നും തന്നെ അവശേഷിക്കാതെയായി, അങ്ങനെ എല്ലാം തന്നെ അഭേദ്യമായ അന്ധകാരത്തിൽ അകപ്പെടുകയും മഹാകല **MAKA KALA**(അതായത് ശിവൻ മാത്രമായി തീരുകയും ചെയ്തു.

സൃഷ്ടിപ്പിനെ പറ്റി ഉദ്ദേശിച്ചപ്പോൾ, തന്റെ ഇടതുകൈതണ്ട് കൊണ്ട് വലതു ചൂണ്ടു വിരലിന്റെ സഹായത്തോടെ ഇളക്കി മറിക്കുകയുണ്ടായി., അതിൻ ഫലമായിട്ട് ഒരു കുമിള ഉണ്ടാവുകയും, അങ്ങനെ അത് ഒരു വലിയ രൂപത്തിലായി തീരുകയും, തുടർന്ന് ഒരു സുവർണ്ണ അണ്ഡത്തിനെപ്പോലെ ആയിതീരുകയും ചെയ്തു. പ്രസ്തുത അണ്ഡത്തെ മഹാകല/ശിവൻ തന്റെ കൈകൊണ്ട് വിഭജിക്കുകയും, അതിന്റെ പകുതി മുകൾഭാഗം ആകാശവും, പകുതിതാഴ്ഭാഗം ഭൂമിയും മധ്യഭാഗത്ത് 5 തലകളും 4 കൈകളും ബ്രഹ്മാവും പ്രത്യക്ഷപ്പെടുകയുണ്ടായി. മഹാകല/

ശിവൻ പറഞ്ഞു എന്റെ അനുഗ്രഹത്തോടു കൂടി സൃഷ്ടിപ്പിൽ ഉദ്ദിഷ്ട സിദ്ധി ഉണ്ടാകട്ടെ ഇത്രയും പറഞ്ഞിട്ട് അദ്ദേഹം അപ്രത്യക്ഷനായി.

ബ്രഹ്മാവ് തന്റെ ഉദ്യമം പൂർത്തിയാക്കി, തന്റെ രക്ഷകനായ ശിവനെ ധ്യാനിച്ച്, നാല് വേദങ്ങളും സ്വീകരിച്ച്, സൃഷ്ടാവായി തീരുവാൻ അവനെ പ്രാപ്തനാക്കുകയുണ്ടായി, വാമനപുരാണത്തിൽ ഈ ഐതിഹ്യത്തിന് മറ്റൊരു ഭാഷാന്തരമുണ്ട്, അതിൽ ബ്രഹ്മാവ്, താൻ തന്നെ ഒരിക്കൽകൂടി ലോകത്തെ സൃഷ്ടിക്കുവാനുള്ള ജോലി ഏറ്റെടുത്തത് ശിവനല്ല പ്രസ്തുത ജോലി ഏറ്റെടുത്തത് ലോകത്തിന്റെ സർവ്വനാശത്തിനു ശേഷം!

ഈ പ്രത്യേകമായ ഐതിഹ്യത്തിൽ ബ്രഹ്മാവ് ഒരായിരം വർഷം ചൈതന്യമില്ലാതെ, ഉറക്കത്തിലായിരുന്നു. വീണ്ടും ഈ ലോകം സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചശേഷം പിന്നീടുള്ള അദ്ദേഹത്തിന്റെ പ്രഥമ പ്രവർത്തി ശിവനെ സൃഷ്ടിക്കലായിരുന്നു. എന്നാൽ അത് ചെയ്തു കഴിഞ്ഞ ഉടനെ തന്നെ, അവർക്കിടയിൽ ഒരു വഴക്ക് ഉടലെടുത്തു. അതിൽ പെട്ടെന്നുണ്ടായ കോപത്താൽ ശിവൻ ബ്രഹ്മാവിനെ മുറിവേല്പിച്ചു. ശിവൻ ഏല്പിച്ച മുറിവിന് പകരം ചോദിക്കുവാൻ തീരുമാനിച്ചു. എന്നിരുന്നാലും മഹാഭാരതത്തിലും, മറ്റു ചില പുരാണങ്ങളിലും, നമുക്ക് കാണുവാൻ കഴിയും ത്രിമൂർത്തികളിൽ രണ്ടാമനായ വിഷ്ണുവിനെ സൃഷ്ടിച്ചത് ബ്രഹ്മാവാണ്, താമരയിൽ നിന്നുമാണ്, അതിന്റെ ഉറവിടം പൊക്കിൾ കൊടിയിൽ നിന്നുമാണ് എന്നും മറ്റും പറയപ്പെടുന്നു.

പുരാണത്തിൽ എല്ലാത്തിന്റെയും പ്രഥമ കാരണഭൂതനായി പറയപ്പെടുന്നത് വിഷ്ണുവിനെയാണ്. ബ്രഹ്മാവിനെയല്ല മുഴുലോകത്തെയും സൃഷ്ടിക്കുവാൻ തീരുമാനം എടുത്തത് വിഷ്ണു താൻ തന്നെയാണ്! ചുരുക്കത്തിൽ ത്രിമൂർത്തികളാണ്, അതായത് ബ്രഹ്മാവ് സൃഷ്ടാവാണ്, വിഷ്ണു സംരക്ഷകനാണ്, ശിവൻ

അന്തകനാണ്, ഈ ഐതിഹ്യങ്ങൾ വിഷ്ണുവിന് ഒന്നാം സ്ഥാനവും അതായത് ഈ ലോകം സൃഷ്ടിച്ചത് വിഷ്ണു ആണെന്നും അവനിലൂടെയാണ് അത് നിലനില്ക്കുന്നതെന്നും, അതു തുടർന്നുകൊണ്ടിരിക്കുന്നതിന്റെയും വിരാമത്തിന്റെയും കാരണം അദ്ദേഹത്തിലൂടെയുമാണെന്നാകുന്നു.

വിഷ്ണു തന്റെ ശരീരത്തിന്റെ വലതുഭാഗത്തു നിന്നാണ് സൃഷ്ടിച്ചതെന്ന് ബ്രഹ്മാവ് തന്നെ പ്രസ്താവിച്ചിട്ടുണ്ട്. എന്നിരുന്നാലും ബ്രഹ്മപുരാണത്തിൽ ബ്രഹ്മാവിന് നല്കിയിരിക്കുന്ന പേര് അപ്പാവ എന്നാകുന്നു. അതായത് അദ്ദേഹം വെള്ളത്തിൽ കളിച്ചു രസിച്ചുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹം സ്വയം തന്നെ രണ്ടു ഭാഗമായി പിരിയുകയും, പുരുഷനും സ്ത്രീയും, അങ്ങനെയാണ് വിഷ്ണു ഉണ്ടായതെന്നും പറയപ്പെടുന്നു.

അനേകം ഐതിഹ്യങ്ങളാൽ വിരചിതമായ വിവിധങ്ങളായ വൈരുദ്ധ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ കാര്യങ്ങൾ നേരെചൊവ്വേ അംഗീകരിക്കുവാൻ പ്രയാസകരമാണ്, അസാധ്യമാണ്. ബ്രഹ്മാവാണ് പരമമായ സൃഷ്ടാവ് എന്ന വീക്ഷണമാണ് ഏറെ പ്രസിദ്ധമായത് എന്ന് തിരിച്ചറിയുവാൻ പ്രയാസമില്ല. അദ്ദേഹമാണ് ദൈവങ്ങളെ സൃഷ്ടിച്ചതും, മുഴുലോകത്തെയും സൃഷ്ടിച്ചതും, ലോകത്തു നിലനില്ക്കുന്നത് സൃഷ്ടിച്ചതും ഈ പ്രപഞ്ചം തന്നെ സൃഷ്ടിച്ചതും!

അദ്ദേഹത്തിന് രണ്ട് അവസ്ഥകൾ ഉള്ളതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഒന്നു സ്വയമേവവും (രൂപത്തോടെയും) മറ്റൊന്നു രൂപമില്ലാതെയും എന്ന് വിശ്വസിക്കപ്പെടുന്നു. ഒന്ന് നശിക്കുന്നതാണ് മറ്റൊന്നു നശിക്കാത്തതാകുന്നു. നശിക്കാത്തതാകുന്നു പരമാത്മാവ് (SUPREME BEING) നശിക്കുന്നതാകുന്നു മുഴുലോകവും ! ബ്രഹ്മാവിൻ സ്വയം കുടികൊണ്ട് ഊർജ്ജത്തിന്റെ പ്രകടനം മാത്രമാണ് ഈ ലോകവും അതിലുള്ളതും.

കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും അഥർവ്വ വേദ

ത്തിൽ പറയുന്നു, പ്രാരംഭത്തിൽ, ബ്രഹ്മാവായിരുന്നു പ്രപഞ്ചം. അദ്ദേഹം ദൈവങ്ങളെ സൃഷ്ടിച്ചു. അവർക്ക് വേണ്ടി സൃഷ്ടിക്കുകയായിരുന്നു മറ്റ് കാര്യങ്ങൾ! എന്നിട്ടവൻ മറ്റുള്ളവരെ അതിന്റേതായ സ്ഥാനങ്ങളിൽ നിലനിർത്തി. ഉദാഹരണമായി പറഞ്ഞാൽ അഗ്നി, അഗ്നിദേവനെ ഈ ലോകത്ത് നിർത്തി, സൂര്യൻ, സൂര്യദേവനെ ആകാശത്ത് നിർത്തി, വായു അഥവാ ഇന്ദ്രനെ, നക്ഷത്ര ഖചിതമായ ആകാശത്ത് വായുവിൽ നിർത്തി. മറ്റു ദേവന്മാരെ, ഇതിനേക്കാൾ ഈ മൂന്ന് ദേവന്മാരെക്കാൾ ഉന്നതമായ സ്ഥാനങ്ങളിൽ ഈ പ്രപഞ്ചത്തിൽ നിലനിർത്തി. ഈ ദേവന്മാർക്കൊക്കെ അമരത്വം നല്കി. ഉല്പത്തിയിൽ ഇവയൊക്കെ നശ്വരങ്ങളായിരുന്നു, അങ്ങനെ, രണ്ടാമതൊരാൾ ഇല്ലാതെ, അവൻ ഏകനായി പരിഗണിക്കപ്പെട്ടു.

വേദകലകളിൽ ബ്രഹ്മാവിനെ ഒരു ചുവന്ന മനുഷ്യനായി ചിത്രീകരിക്കപ്പെട്ടു. നാലുതലകളോടു കൂടിയ ചുവന്ന മനുഷ്യൻ പുരാണങ്ങളിൽ, യഥാർത്ഥത്തിൽ 5 തലകൾ ഉണ്ടെന്നും പറയപ്പെട്ടിട്ടുണ്ടെങ്കിലും! വെള്ളവസ്ത്രധാരിയായ ബ്രഹ്മാവ്, അരയന്ന പുറത്ത് യാത്രചെയ്യുന്നതായും, ഒരു കയ്യിൽ ഒരു വടിയും, മറുകയ്യിൽ ദാനധർമ്മങ്ങൾ സ്വീകരിക്കുവാനുള്ള പാത്രവുമായി ! ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

മറ്റു ചില ചിത്രീകരണങ്ങളിൽ, അദ്ദേഹത്തിന് നാല് കൈകൾ ഉള്ളതായി കാണാം, ഒരു താമരയിൽ ഇരിക്കുന്നതായും കാണാം, മത്സ്യപുരാണത്തിൽ പറയുന്നത് അതായത് ബ്രഹ്മാവിന്റെ നാല് തലകൾ രൂപം കൊണ്ടതിന്റെ കാരണം അദ്ദേഹം സരസ്വതിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനാവുകയും പ്രേമത്തിലാവുകയും ചെയ്തതിലൂടെയും, അദ്ദേഹത്തിന്റെ പുത്രി ജന്മം കൊണ്ടത് തന്നെ, തന്റെ തന്നെ, നിർമ്മലമായ തേജസ്സിൽ നിന്നുമാകുന്നു. അവളെപറ്റി അദ്ദേഹം പറഞ്ഞത് അവൾ അദ്ദേഹത്തിന്റെ നോട്ടത്തിന്റെ വലതുഭാഗത്തേക്ക് തിരിഞ്ഞു, അവളെ നോക്കുന്നതിനായി, തന്റെ ശരീരത്തിൽ നിന്നും രണ്ടാമതൊരു തല ഉല്പാ

ദിപ്പിച്ചു. അപ്പോൾ അവളെ എപ്പോളും നോക്കിയിരിക്കാൻ കഴിയും!

സരസ്വതി അപ്പോൾ അദ്ദേഹത്തിന്റെ ഇടതുഭാഗത്തേക്ക് മാറി, കാരണം അദ്ദേഹത്തിന്റെ ശൃംഗാര രസപ്രധാനമായ നോട്ടത്തിൽ നിന്ന് ഒഴിവാകുവാനായി, അങ്ങനെ ബ്രഹ്മാവിന്റെ തോളിൽ മൂന്നാമതൊരു തലയും കൂടി പ്രത്യക്ഷമായി, അപ്പോൾ അവൾ ബ്രഹ്മാവിന്റെ പിന്നിലേക്ക് മാറി, അതേ തുടർന്ന് നാലാമതൊരു തല കൂടി പ്രത്യക്ഷമായി, ഒടുവിൽ അവൾ ആകാശത്തിലേക്ക് കരേറി, എന്നാൽ അപ്പോൾ ബ്രഹ്മാവ് അവളെ നോക്കാൻ ആകാംഷാഭരിതനായി തീരുകയും പെട്ടെന്നു തന്നെ അഞ്ചാമതു ഒരു തല കൂടി പ്രത്യക്ഷപ്പെടുകയുമുണ്ടായി.

ഈ അവസ്ഥയിൽ, അദ്ദേഹം അവളെ ബോധ്യപ്പെടുത്തി, ബ്രഹ്മാവ് സരസ്വതിയെ ബോധ്യപ്പെടുത്തി, അതിൽ നിന്നും അകന്നുപോകരുതെന്ന്, എന്നിട്ട് ഒടുവിൽ അവളെ വിവാഹം കഴിക്കുകയും, എന്നിട്ട് പ്രസ്തുത ദമ്പതികൾ ഏകാന്തമായ ഒരു സ്ഥലത്തേക്ക് പിൻവാങ്ങുകയും, അവർ അവിടെ നൂറ് ദൈവീക വർഷങ്ങൾ ഒരുമിച്ചു കഴിയുകയും ചെയ്തു. മറ്റൊരു ഐതിഹ്യം വാമനപുരാണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതായത് ബ്രഹ്മാവ് ഒരായിരം വർഷം നിദ്രയിലേക്കും വിശ്രമത്തിലേക്കും പോവുകയുണ്ടായി. നേരത്തെ ഏർപ്പെട്ട ലോകത്തെ, ഒരിക്കൽ കൂടി വീണ്ടും സൃഷ്ടിക്കുവാൻ ആഗ്രഹിക്കുകയുണ്ടായി.

അതിനായി, ശുദ്ധാവസ്ഥയിലുള്ള ഗുണവിശേഷത്തോടെ സ്വയം ഉണ്ടായിതീരുകയും, അഞ്ച് തലയുള്ള രൂപത്തിലുള്ള ഒരു ദേഹത്തെ ഉദ്ദേശിക്കുകയും ചെയ്തു. കാര്യം ഇങ്ങനെ ആണെങ്കിലും, അദ്ദേഹത്തിന്റെ അഞ്ചാമത്തെ തല, ഈ പറയുന്ന ആചാഭാഷ്യപ്രകാരം, ശിവൻ ഛേദിച്ചു മാറ്റുകയുണ്ടായി. അവർ തമ്മിലുള്ള വ്യക്തിപരമായ തർക്കത്തെ തുടർന്ന്, ബ്രഹ്മാവ് ശിവനെ സൃഷ്ടിച്ച ഉടനെതന്നെ! തകർത്തെറിയപ്പെട്ട ലോകത്തെ പുനഃസൃഷ്ടിക്കുവാനുള്ള ബ്രഹ്മാവിന്റെ സൃഷ്ടി ശ്രമത്തിലെ

ആദ്യത്തെ സൃഷ്ടി ആയിരുന്നു ശിവൻ!

ഒരു ഭാഷ്യ പ്രകാരം, ബ്രഹ്മാവിന്റെ അഞ്ചാമത്തെ തല, അപ്രത്യക്ഷമായതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ തലയുടെയും അദ്ദേഹത്തിന്റെയും യഥാർത്ഥമായ അവസ്ഥ പ്രഖ്യാപിക്കുവാൻ പരിശുദ്ധ സന്യാസിമാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ, അദ്ദേഹം ബ്രഹ്മാവ്, മഹേഷാദുർദേവതയുടെ സ്വാധീനത്താൽ അവന് നാരായണനുമായുള്ള മുമ്പേയുള്ള ഉന്നതപദം തറപ്പിച്ചു പറയുകയുണ്ടായി, അതായത് വിഷ്ണു അദ്ദേഹത്തെ വെല്ലു വിളിച്ചു.

ഈ രണ്ടു കാര്യങ്ങളും വേദങ്ങളിലൂടെ പരഹരിക്കപ്പെട്ടിരിക്കുന്നത് ശിവൻ ആകുന്നു, ഏറ്റവും സ്ഥാനമുള്ള ആൾ എന്നാകുന്നു. ഈ വിധി അംഗീകരിക്കുവാൻ ബ്രഹ്മാവ് കൂട്ടാക്കിയില്ല. ശിവൻ കോപിഷ്ഠനായി മാറി, പ്രസ്തുത കോപത്തിൽ നിന്നും ഭൈരവൻ രൂപം കൊണ്ടു. ബ്രഹ്മാവിനെ നന്നായി പ്രഹരിക്കുവാൻ കല്പിക്കുകയുണ്ടായി, ശിവന്റെ കല്പന കിട്ടിയ ഉടൻ തന്നെ, ബ്രഹ്മാവിന്റെ അഞ്ചാം തല മുറിച്ചു മാറ്റുകയുണ്ടായി, തന്റെ ഇടതു കൈയുടെ തള്ളവിരൽ കൊണ്ട്.

മഹാഭാരതത്തിൽ പറയുന്നത് അതായത് ബ്രഹ്മാവ് മദ്യലഹരിക്കടിമപ്പെട്ട്, ശിവപുത്രിയെ മാനഭംഗപ്പെടുത്തുവാൻ, ശ്രമിക്കുകയുണ്ടായി എന്ന്! ത്രിമൂർത്തികളിൽ ഒന്നാമനാണ് ബ്രഹ്മാവ് എങ്കിലും ബ്രഹ്മാവിനെ ആരാധിക്കുന്നത് ഇപ്പോൾ നൂറ്റാണ്ടുകളായി സാധാരണമല്ല, കാരണമായി പറയപ്പെടുന്നത് ബ്രഹ്മാവിന്റെ മേൽ തെറ്റായ കാര്യത്തിൽ കുറ്റം ചുമത്തപ്പെട്ടിരിക്കുന്നു. അത്തരം കെട്ടുകഥകൾ സമൂഹമധ്യത്തിൽ വ്യാപിച്ചു. അദ്ദേഹത്തിന്റെ മേൽ കുറ്റം തെളിയിക്കപ്പെട്ടിരിക്കുന്നതിനാലായിരിക്കാം ബ്രഹ്മാവിനെ ആരാധിക്കുന്നതിൽ നിന്നും ജനങ്ങൾ അകന്നു നില്ക്കുന്നത്

സ്കന്ദപുരാണം ഉപസംഹരിക്കുന്നു. ബാലചാപല്യ ത്താലും ഗ്രഹണശേഷി കുറവിനാലും ഒരു തെറ്റിൽ നിങ്ങൾ ഉറച്ചു നില്ക്കുകയാണെങ്കിൽ, നിങ്ങളെ ആരാധിക്കുവാൻ ഒരാളുമുണ്ടാകില്ല.

ബ്രഹ്മാവ് തന്റെ തന്നെ ശുദ്ധസത്തയാൽ നിർമ്മിച്ച സൃഷ്ടികൾ സരസ്വതി തന്റെ ഭർത്താവായ ബ്രഹ്മാവിന്റെ മേൽ ശാപപ്രാർത്ഥന നടത്തുന്നത്, സ്കന്ദ പുരാണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബ്രഹ്മാവും സരസ്വതിയും ചില യാഗങ്ങൾ നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇതു ചെയ്യുവാനുള്ള സമയം ആശ്യമായപ്പോൾ സരസ്വതിക്ക് ചില ചെറിയ വീട്ടുജോലികൾ മൂലം അതിന് പങ്കെടുക്കുവാൻ തടസ്സപ്പെടുകയുണ്ടായി. ഈ യാഗം നടത്തേണ്ടിടത്ത് പെട്ടെന്നു ഈ കാര്യങ്ങൾ സംഘടിപ്പിക്കുവാൻ സരസ്വതിക്ക് സാധിക്കാതെ വന്നു. അപ്പോൾ പുരോഹിതൻ ബ്രഹ്മാവിനെ ഉപദേശിച്ചു അതായത് ഒരു ഭാര്യ ഇല്ലാതെ ഈ പൂജാക്രമത്തിന്റെ ഫലം ഉണ്ടാവുകയില്ല. ബ്രഹ്മാവ് സരസ്വതിയിൽ കോപിഷ്ഠനാവുകയും, അദ്ദേഹത്തിനു വേണ്ടി മറ്റൊരു ഭാര്യയെ പെട്ടെന്ന് കണ്ടെത്തണമെന്നാവശ്യപ്പെടുകയും ചെയ്തു.

അതിനെതുടർന്ന് യുവതിയും സുന്ദരിയുമായ ഒരു പാൽക്കരിയെ, ഗായത്രിയെ, വായുദേവനായ ഇന്ദ്രനാൽ ബലാൽക്കാരമായി കൈക്കാലക്കി യാഗസ്ഥലത്ത് കൊണ്ടു വരുകയും, ബ്രഹ്മാവ് അവളെ വിവാഹം കഴിക്കുകയും ചെയ്തു. എന്നാൽ സരസ്വതി ഭർതൃവിവാഹത്തിൽ കോപകുലയായി തീർന്നു, അദ്ദേഹത്തിന്റെ ഒഴിവുകഴിവുകൾ കേൾക്കാൻ തയ്യാറായതുമില്ല (അവൾ അദ്ദേഹത്തെ വെല്ലുവിളിച്ചപ്പോൾ)

അങ്ങനെ അവൾ ബ്രഹ്മാവിന്റെ മേൽശാപപ്രാർത്ഥന നടത്തി. ഭാവിയിൽ ഓരോ വർഷവും ഒരു ദിവസമല്ലാതെ, നിങ്ങളെ ആരും ആരാധിക്കാതിരിക്കട്ടെ. വേദിക് മാസമായ മഗ്ലാണാ ദിനം!

ഹിന്ദുകലകളിൽ അവൾ പ്രതിനിധാനം ചെയ്യുന്നത് സുന്ദരിയായ ഒരു യുവതിയായിട്ടാണ് അവൾക്ക് നാല് കൈകളുണ്ട്, ഒരു കയ്യിൽ ഒരു പൂവ് പിടിച്ചിരിക്കുന്നു. അതവൾ തന്റെ ഭർത്താവിന് സമർപ്പിക്കുന്നു. ഭർതൃ സമീപം അവൾ എപ്പോഴും നില്ക്കു

ന്നു. മറ്റൊരു കയ്യിൽ കുരുത്തോല കൊണ്ടുള്ള ഒരു ഗ്രന്ഥം പിടിച്ചിരിക്കുന്നു. വിദ്യയോട് അവൾക്ക് അതിയായ താത്പര്യമാണ് എന്നതാണ് അതുകൊണ്ടുള്ള സൂചന. അവളുടെ മൂന്നാമത്തെകയ്യിൽ ഒരു മുത്തുമാല പിടിച്ചിരിക്കുന്നു. ശിവന് സമർപ്പിക്കുന്ന ഒരു മാലയായി പ്രദർശിക്കപ്പെട്ടിരിക്കുന്നു. നാലാമത്തെ കയ്യിൽ ഒരു മദ്ദളം കാണിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു ചിത്രീകരണത്തിൽ സരസ്വതിയെ കാണിക്കപ്പെട്ടിരിക്കുന്നത് താമരയിൽ ഇരിക്കുന്ന ഒരു യുവതി ആയിട്ടാണ്, അവളതിൽ ഇരുന്ന് സിത്താർ വായിക്കുന്നു.

ഹിന്ദുപുരാണങ്ങളിൽ പ്രാധാന്യമുള്ള ഒരു ദേവതയാണ് സരസ്വതി. ശാസ്ത്രത്തിന്റെയും ജ്ഞാനത്തിന്റെയും ദേവതയായി അവളെ പരിഗണിക്കപ്പെടുന്നു. വേദങ്ങളുടെ മാതാവായും ഗണിക്കപ്പെടുന്നു. നദിയായും ഒരു ദേവതയായും അവളുടെ നാമം ആഘോഷിക്കപ്പെടുന്നു. അവളുടെ പേര് അറിയപ്പെടുന്ന നദികളോടൊപ്പം പരാമർശിക്കപ്പെടുന്നു. ഗംഗ, സിന്ധു എന്നി നദികളോടൊപ്പം അവളുടെ നാമം ചേർത്ത് പറയപ്പെടുന്നു. ഹിന്ദു വേദഗ്രന്ഥങ്ങളിലെ ചില വാക്യങ്ങളിൽ, പുസ്തക ഭാഗങ്ങളിൽ എല്ലാ നദികളിലൂടെയും അവൾ കടന്നു പോകുന്നതാണ് എന്ന് പറയപ്പെട്ടിരിക്കുന്നു. മറ്റു ചില വചനങ്ങളിൽ, ആകാശത്തു നിന്നും, അല്ലെങ്കിൽ വലിയ പർവ്വതത്തിൽ നിന്നും യജ്ഞത്തിനായി ഇറങ്ങിവരുവാൻ അവളെ വിളിച്ച് പ്രാർത്ഥിക്കാറുണ്ട്.

ശ്രാദ്ധങ്ങളുടെ ആശ്രയദാതാവായി, രക്ഷാധികാരിയായി അവളെ കരുതപ്പെടുന്നു. പരിശുദ്ധ നദികളുടെ പരിപാവന തീരങ്ങളിൽ ആഘോഷിക്കപ്പെടുന്ന പൂജകളുടെ രക്ഷാധികാരിയായി ഗണിക്കപ്പെടുന്നു. ഇത്തരം ശ്രാദ്ധങ്ങളുടെ വിജയത്തിനും ശരിയായ നടത്തിപ്പിനും, അവളുടെ നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമായി കരുതപ്പെടുന്നു.

ആരാധകരുടെ സംരക്ഷണം സരസ്വതി ദേവി നല്കുന്നതാണ് എന്ന് വിശ്വസിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ ആരാധകർ അവ

രോട് അതിനായി അർത്ഥിക്കുന്നു. ഹിന്ദു പുരാണങ്ങളിൽ അറിയപ്പെടുന്ന മറ്റു ദേവതമാരോടൊപ്പം അവളുടെയും (സരസ്വതി ദേവി (അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു) അവിശ്വസിനീയമായ മാനസിക നില പ്രകടിപ്പിച്ചവളാണെങ്കിലും, അസാധാരണമായ കോപത്തിനുടമയാണെങ്കിലും, ഗായത്രിയും ഭർതൃവിവാഹത്തിൽ ക്രോധം പൂണ്ട്, അവൾ ഭർത്താവിനെ (ബ്രഹ്മാവിനെ) ശപിച്ചെങ്കിലും, ഇന്ദ്രൻ, ബ്രഹ്മാവിന് ഗായത്രിയെ വിവാഹം ചെയ്തു കൊടുത്തെങ്കിലും!!! (ഈ പോരായ്മകൾക്കിടയിലും ഭക്തർ അവളെയും വിളിച്ചു പ്രാർത്ഥിക്കുന്നു എന്ന് സാരം)

വിവാഹ കർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് കാരണഭൂതനായ ദേവനാണ് അഗ്നിദേവൻ. ബ്രാഹ്മണരും പുരോഹിതരുമാണ് വിവാഹ കർമ്മം നടത്തുന്നത്. കാര്യങ്ങൾ തീരുമാനിക്കുന്നതിന് ലക്ഷ്മിയും, ഇന്ദ്രാണിയും പ്രസ്തുത ഹാളിലേക്ക് എത്തിച്ചേരുന്നു. അവളെ അവിടെ വിട്ടശേഷം അവർ അവിടം വിട്ടു പോകുന്നു.

ചെറിയ ചെറിയ അനുനയത്തിലൂടെ സരസ്വതിയുടെ കോപം ശമിക്കുകയും ചെയ്തതായി കാണിക്കപ്പെട്ടിരിക്കുന്നു. തുടർന്ന് അവൾ അവരുടെ ഭർത്താവിനെ ഇഷ്ടപ്പെടുകയുണ്ടായി. അതുകൊണ്ട് വർഷത്തിലൊരിക്കൽ അവളെയും ആരാധിക്കപ്പെടുകയുണ്ടായി. അറിവിന്റെ ദേവതയായി ഹിന്ദുകലകളിൽ വിഷ്ണു ചിത്രീകരിക്കപ്പെട്ടത് ഒരു കറുത്ത മനുഷ്യനായിട്ടാണ്. നാല് കൈകളോടു കൂടിയ ! ഒരു കയ്യിൽ പിടിച്ചിരിക്കുന്നത് ഗദയാകുന്നു. മറ്റൊരു കയ്യിൽ ശംഖാകുന്നു. മുന്നാമത്തെ കയ്യിൽ ശത്രുവിനെ നിഗ്രഹം ചെയ്യുന്ന ചക്രമാണ്. നാലാമത്തെ കയ്യിൽ ഒരു താമരയാകുന്നു. മഞ്ഞവസ്ത്രങ്ങളണിഞ്ഞ്, ഗരുഡപക്ഷിപുറത്ത് യാത്ര ചെയ്യുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഹൈന്ദവ പുരാണങ്ങളിൽ, അനേകം അവതാരങ്ങളെടുത്തതായി അദ്ദേഹത്തെപറ്റി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ അക്രമം വ്യാപിക്കുമ്പോൾ അതിനെ അമർച്ച ചെയ്യുവാനും, ധർമ്മം ക്ഷയിക്കുമ്പോൾ

ധർമ്മത്തെ പുനഃസ്ഥാപിക്കുവാനും കാലങ്ങൾതോറും അവതാരമെടുക്കുന്നതാണെന്ന് പറയപ്പെട്ടിരിക്കുന്നു. അങ്ങനെ സുരന്മാരെ സംരക്ഷിക്കുകയും അസുരന്മാരെ ശിക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ ഭൂമിയിൽ കാര്യങ്ങളൊക്കെ നേരെ ആക്കിയ ശേഷം, അദ്ദേഹം, സ്വർഗത്തിലേക്ക് മടങ്ങിപോകുന്നു.

മത്സ്യപുരാണങ്ങളിൽ ഒരു ഐതിഹ്യം നമുക്ക് കാണാവുന്നതാണ്. അദ്ദേഹത്തിന്റെ (വിഷ്ണു) മേൽ ഒരു ശാപം ബ്രഹ്മാവിന്റെ പുത്രൻ ഭർഗു നടത്തുകയുണ്ടായി. കാരണം ഭർഗുവിന്റെ ഭാര്യയെ വിഷ്ണു വധിച്ചതിനാലാണ്. വധിക്കാൻ കാരണം അവൾ ഇന്ദ്രനെതിരിൽ ദുർദേവതയെ സഹായിച്ചതിനാലാണ്.

സത്യപാത ബ്രാഹ്മണയിൽ വിഷ്ണുവിന്റെ ഏറ്റവും പഴക്കമുള്ള അവതാരത്തെക്കുറിച്ചുള്ള ഒരു വിവരണം നല്കുന്നുണ്ട്. അത് സത്യത്തിൽ മനുഷ്യവതാരമായിരുന്നു. അത് പ്രത്യക്ഷമായത് മനുവിനായിരുന്നു, മനുഷ്യകുലത്തിന്റെ പിതാവെന്ന നിലയിൽ വാദമുന്നയിച്ചിട്ടുള്ളത് ഏറ്റവും പുരാതനമായ സന്യാസിവര്യൻ ഒരു കുടത്തിൽ നിന്നും അംഗശുദ്ധിവരുത്തുകയായിരുന്നപ്പോഴാണത് സംഭവിച്ചത്. വിഷ്ണു പുരാണത്തിലെ മറ്റൊരു നിവേദന പ്രകാരം, വിഷ്ണു, പന്നിയുടെ രൂപത്തിൽ സമുദ്രത്തിൽ ആണ്ടു പോയ ഭൂമിയെ ഉയർത്തുകയുണ്ടായി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരു റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത് അവൻ ആമയുടെ (കൂർമ്മത്തെ) രൂപത്തിൽ അവതാരമെടുത്തതായും പറയുന്നു. പ്രസ്തുത സമയത്തു ദുഷ്ടന്മാർ അധികരിക്കുകയും ശിഷ്ടന്മാരുടെ ജീവിതം ദുസ്സഹമാവുകയും ചെയ്തപ്പോൾ വിഷ്ണുവിന്റെ സഹായം തേടുകയുണ്ടായപ്പോഴാണ് പ്രസ്സുത അവതാരമുണ്ടായത്.

വിഷ്ണു പുരാണത്തിൽ വിഷ്ണുവിന്റെ അവതാരമായി നരസിംഹമായി പ്രത്യക്ഷപ്പെട്ടതായി വർണ്ണിക്കുന്നു. പകുതി മനുഷ്യനും പകുതി സിംഹവുമായി പ്രത്യക്ഷനായി. പ്രസ്തുത അവതാരത്തിൽ ഹരണ്യകാശിപിനെ വധിച്ചു. അതിനിഷ്ഠൂരനായ

ഹരണ്യകാശിപ്, അവന്റെ മരണം ദേവന്മാരും, മനുഷ്യരും ആഗ്രഹിച്ചിരുന്നതാണ്, കാരണം, അവൻ ചെയ്തു കൂട്ടിയ പാതകങ്ങൾ കഠിനകഠോരങ്ങളായിരുന്നു, അവൻ ഭൂമിയിലുണ്ടായിരുന്ന സകലതിനെയും കൊന്നൊടുക്കുകയായിരുന്നു.

ഭഗവത്ഗീതയുടെ കഥാനായകനായ കൃഷ്ണനെ വിഷ്ണുവിന്റെ അവതാരമായാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. ദ്വാപരയുഗത്തിലെ മുന്നാം യുഗത്തിലാണ് പ്രസ്തുത അവതാരമുണ്ടായതെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ സ്നേഹിതനും ഭക്തനുമായ അർജ്ജുനനെ സഹായിക്കുന്നതിനായി, ഏകാധിപതിയായ രാജാവ് കംസനെതിരായി പോരാടുവാൻ! രാജാവിന്റെ ഭാര്യയിലുണ്ടായ ജാരസന്താനമായിരുന്നു അവൻ. സുന്ദരിയും, എന്നാൽ വന്ധ്യയുമായ, തന്റെ ഭർത്താവിന്റെ വേഷമണിഞ്ഞ് എത്തിയ ദുർഭൂതത്തിന് പിറന്നവനായിരുന്നു കംസൻ.

കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും കൃഷ്ണനെപറ്റി വിവിധങ്ങളായ അഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ട്. അദ്ദേഹം വിഷ്ണുവിന്റെ അവതാരമാണോ അതോ അല്ലയോ? അതോ അവൻ സ്വയം തന്നെയാണോ സർവ്വേശ്വരൻ? കൃഷ്ണൻ സർവ്വേശ്വരനാണെന്ന് സ്വയം അവകാശപ്പെട്ടിട്ടുണ്ട്, അത് അദ്ദേഹം സ്വയം നല്കിയ ഒരു വാദത്തിന്റെ അടിസ്ഥാനത്തിലാണ്, അതായത് ബലരാമൻ, ഈ ലോകത്ത് പ്രത്യക്ഷനായിരുന്നു, അതേ സമയം കൃഷ്ണനും പ്രത്യക്ഷനായിരുന്നു. അതിന്റെ സത്യാവസ്ഥ ശേഷസർപ്പത്തിന്റെ അവതാരമായിരുന്നു. അത് വിഷ്ണുവിന്റെ ഒരു ഭാഗമായി തീരുകയും ചെയ്തു.

മറ്റു ചിലർ വാദിക്കുന്നത് അതായത് കാമദേവൻ, കൃഷ്ണന്റെ മകനും അദ്ദേഹത്തിന്റെ ഭാര്യ രുഗ്മണിയും, വിഷ്ണുവിന്റെ അവതാരമായിരുന്നു, ആയതിനാൽ കൃഷ്ണൻ സ്വയം തന്നെ സർവ്വേശ്വരനാകുന്നു.

വിഷ്ണുവിന്റെ ഈ അവതാരങ്ങളെല്ലാം ചരിത്രസംഭവങ്ങളായി രേഖപ്പെടുത്തിയിരിക്കുമ്പോൾ, ഹൈന്ദവ ജനത ഇതും കൂടി

വിശ്വസിക്കുന്നു. അതായത് വിഷ്ണു അവതരിക്കുന്നതാണ്, കുറഞ്ഞത് വീണ്ടും ഒരു പ്രാവശ്യമെങ്കിലും ഈ ഭൂമുഖത്ത് അവതരിക്കുന്നതാണ്, കല്ക്കി ആയിട്ട് ! കലിയുഗത്തിലെ അധർമ്മികളെ ഉന്മൂലനം ചെയ്യുന്നതിനായി. എന്നിട്ട് സത്ചരിതരുടെയും സമാധാനകാംഷികളുടെയും ലോകം ഒരിയ്ക്കൽ കൂടി സ്ഥാപിക്കുന്നതിനായി.

## കൃഷ്ണന്റെ ജീവിതം

കൃഷ്ണന്റെ ജീവിതത്തെപറ്റി ആധികാരികമായ രേഖകളൊന്നും ലഭ്യമല്ലെങ്കിലും കാലപ്പഴക്കം വളരെ കൂടുതലായതിനാൽ, കൃഷ്ണന്റെ വ്യക്തത്വത്തെക്കുറിച്ച് നാം ഇരുട്ടിൽ തപ്പുകയാണ്. കൂടുതലും നാം ആശ്രയിക്കുന്നത് കെട്ടുകഥകളും, കിംവദന്തികളുമാണ്. കൃഷ്ണന്റെ പേരിനെ ചുറ്റിപറ്റിയുള്ള കാല്പനിക കഥകളുടെ ഓരോ അട്ടിയുടെയും ഉള്ളറകളിലേക്ക് തുരന്നു കയറി. യഥാർത്ഥമായ അദ്ദേഹത്തിന്റെ അസ്ഥിത്വം പുറത്തെടുക്കുക എന്നത് അസാധ്യമാണ്. ഇങ്ങനെയിരിക്കെ, ഈ മഹാനായ വ്യക്തിയുടെ, വിശ്വസനീയമായ വ്യക്തിത്വത്തിന്റെ ഒരു ചിത്രം നിങ്ങൾക്ക് നല്കാനായി പരിശ്രമിക്കുകയാണ്.

## കൃഷ്ണന്റെ വംശാവലി

1. ജഗതിയ്ക്ക് ജോഡു എന്നുപേരുള്ള ഒരു മകനുണ്ടായിരുന്നു.
2. ജോഡുവിന്റെ മകൻ ദേബമിത (ദേബമിറൂഷ് എന്നും വിളിക്കപ്പെടുന്നു.)യ്ക്ക് രണ്ടു പുത്രമാരുണ്ടായിരുന്നു. ഒരുവന്റെ പേര് ഷുർ (അവന്റെ മാതാവിന്റെ പേര് ഖത്രിയ) എന്നും മറ്റേ ആളിന്റെ പേര് പർജന്യ (അവന്റെ മാതാവിന്റെ പേര് വശ്യ) എന്നുമായിരുന്നു. പർജന്യയ്ക്ക് ഒരു പുത്രനുണ്ടായിരുന്നു. പേര് നന്ദ പിന്നീട് കൃഷ്ണന്റെ ഗുരുവായിരുന്നു

3. ഷൂർന് ഒരു പുത്രനുണ്ടായിരുന്നു പേര് ബസുദേബ: ഒരു പുത്രിയുമുണ്ടായിരുന്നു. പ്രീത (കുന്തി എന്ന പേരിലും വിളിക്കപ്പെടുന്നു)

4. ബസു ദേബയ്ക്ക് രണ്ട് ഭാര്യമാരുണ്ടായിരുന്നു. അവർ സഹോദരിമാരുമായിരുന്നു. ഒരാളിന്റെ പേര് ദേവകി, അവരിലാണ് കൃഷ്ണൻ ജനിക്കുന്നത്. രണ്ടാമത്തെ ഭാര്യയുടെ പേര് രോഹിണി എന്നായിരുന്നു. അവരിൽ ജനിച്ചവനാണ് ബലരാമൻ. ജന്മസമയത്ത് നല്കിയ പേരല്ല നാം കൃഷ്ണൻ എന്ന പേരിൽ അറിയപ്പെടുന്ന ആൾ. "കൃഷ്" എന്ന സംസ്കൃത വാക്കിൽ നിന്ന് ലഭ്യമായതാണ്. അതിന്റെ അർത്ഥം ഭൂമി ഉഴുകുക, വഴി ഒരുക്കുക, നിലം ഒഴുകുക എന്നും മറ്റുമാകുന്നു. അതിന്റെ മറ്റൊരർത്ഥം, ഒരാൾ തന്നിലേക്ക് എന്തെങ്കിലും ആകർഷിച്ചെടുക്കുക എന്നാകുന്നു. അതായത് ഒരു കർഷകനെപ്പോലെ ആദ്യം അവൻ നിലം ഒരുക്കുന്നു, എന്നിട്ട് വിത്ത് വിതയ്ക്കുന്നു. ആത്മീയ നേതാക്കന്മാർ, സ്ത്രീപുരുഷ ഹൃദയങ്ങളെ ഒരുക്കുന്നു എന്നിട്ടതിൽ ദൈവീക സ്നേഹത്തിന്റെ വിത്ത് വിതയ്ക്കുന്നു. ജനങ്ങളെ ദൈവത്തിലേക്ക് ആകർഷിക്കുവാനായി.

ഇത്തരം ആത്മീയ നേതാക്കന്മാരെ കൃഷ്ണ എന്ന പേര് നല്കി വിളിക്കാവുന്നതാണ് എന്ന് നമുക്ക് കരുതാവുന്നതാണ്. ഇത് തികച്ചും ഒരു ഗുണനാമമാകുന്നു. ചരിത്രത്തിൽ കൃഷ്ണൻ എന്ന പേരിൽ അറിയപ്പെടുന്ന വ്യക്തിയുടെ യഥാർത്ഥ പേര് കാനായി എന്നാകുന്നു. ഈ രണ്ടു പേരുകളും ആ ഒരു വ്യക്തിക്ക് ഉപയോഗിക്കാവുന്നതാണ് അംഗീകൃത യോഗതീരുമാനവഴിയിലൂടെ!

ബ്രഹ്മാവ് കൃഷ്ണന്റെ വരവിനെപറ്റി ദീർഘദർശനം ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സ്വർഗത്തിൽ നിന്നും ഒരു ശബ്ദം ശ്രവിച്ചതിനെതുടർന്ന്, ബ്രഹ്മാവ് പറഞ്ഞു ലോകം അഭിമുഖീകരിക്കുവാൻ പോകുന്ന അപകടങ്ങളെക്കുറിച്ച്, ഇതു സംബന്ധമായി ദൈവത്തോട് ആരും മുമ്പ് സംസാരിച്ചിട്ടില്ല, ദൈവം ബോധവാനാകുന്നു. രക്ഷകൻ ജനനം കൊള്ളുന്നതാണ്, വസുദേവന്റെ കുടുംബത്തിൽ, ലോകം അഭിമുഖീകരിക്കുന്ന പ്രയാസ

ങ്ങളിൽ നിന്നും ലോകത്തിന് ആശ്വാസം നല്കുന്നതാണ് (ഭഗവത് പുരാണം 10/1/1417)

സജ്ജനങ്ങളെ രക്ഷിക്കാനായും, ദുഷ്ടജനങ്ങളെ ഉന്മൂലനം ചെയ്യുന്നതിനായും, കൃഷ്ണവതാരമുണ്ടാകുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. മതാധ്യാപനങ്ങളെ തുടച്ചു നീക്കാൻ ശ്രമിക്കുന്നവരും ദൈവനിരാശ ചെയ്യുന്നവരുമായ ദുഷ്ടമാരെ നിഗ്രഹിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ് (മഹാഭാരതം 12/33/30)

കൃഷ്ണാവതാര കാലഘട്ടത്തിൽ മദ്യപാനാസ്കതി ജനങ്ങൾക്കിടയിൽ സർവ്വസാധാരണമായിരുന്നു. മദ്യപാനത്തിനും ലഹരി ഉല്പാദനത്തിനും എതിരിലുള്ള ഒരു രാജശാസനം തന്നെ അദ്ദേഹം പുറപ്പെടുവിക്കുകയുണ്ടായി.

അറിയേണ്ട ഒരു കാര്യം അതായത് കൃഷ്ണന്റെ ഏറ്റവും കടുത്ത എതിരാളികൾ അദ്ദേഹത്തിന്റെ തന്നെ ബന്ധുക്കളായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഭൂരിഭാഗം ആളുകളും അദ്ദേഹത്തെ ദൈവദൂതനായി അംഗീകരിച്ചിരുന്നില്ല. തത്ഫലമായി ദ്വാരകയിലേക്ക് കുടിയേറിപ്പാർക്കുവാൻ അദ്ദേഹം നിർബന്ധിതനായി തീരുകയുണ്ടായി. ചില പണ്ഡിതന്മാർ കരുതിയിരുന്നത് അദ്ദേഹം വേദങ്ങൾക്കെതിരാണെന്നാണ്. എന്നാൽ വസ്തുത ഇതാണ്, അദ്ദേഹം യഥാർത്ഥ വേദങ്ങൾക്കെതിരല്ലായിരുന്നു. അദ്ദേഹം, വേദങ്ങളിൽ മനുഷ്യർ നടത്തിയ കൈകടത്തുലകളിലൂടെയുള്ള അമിതത്വത്തെയാണ് എതിർത്തത്. വികൃതമായ മതത്തിനെതിരായിരുന്നു അദ്ദേഹം. വേദങ്ങളുടെ പേരിൽ വക്രമാക്കിയ നടപടിക്കൾക്കെതിരെ അദ്ദേഹം ശബ്ദിച്ചു. അദ്ദേഹത്തിന്റെ ദൗത്യം സത്യത്തെയും അസത്യത്തെയും വേർതിരിച്ച് കാണിക്കല്ലായിരുന്നു. യഥാർത്ഥ മതവും കള്ള മതവും വേർതിരിച്ചു കാണിക്കലായിരുന്നു. കൃഷ്ണവതാര കാലഘട്ടത്തിൽ പൈശാചിക ശക്തികൾക്ക് ദൈവകല്പനകൾക്കനുസൃതമായ ഒരു മതാതിഷ്ഠിത നീതിന്യായ വ്യവസ്ഥയിലുള്ള ഒരു സമൂഹം

സൃഷ്ടിക്കുന്നതിന്, കെട്ടിപ്പടുക്കുന്നതിന് അശേഷം താത്പര്യമില്ലായിരുന്നു (ഗീത 16/8)

കൃഷ്ണൻ ഒരിക്കലും പരമോന്നത ദൈവം എന്നവകാശപ്പെട്ടിട്ടില്ല. ഹൈന്ദവ സാഹിത്യത്തിൽ നിന്നും ഇക്കാര്യം സുവ്യക്തമാണ്. മറ്റുള്ള മനുഷ്യരെപോലെ മരണമടയുന്ന ഒരു മനുഷ്യൻ മാത്രമായിരുന്നു (6/66/8,9).

അദ്ദേഹത്തിന് മാതാപിതാക്കളുണ്ടായിരുന്നു, ഭാര്യമാരുണ്ടായിരുന്നു, സന്താനങ്ങളുണ്ടായിരുന്നു, മറ്റു കുടുംബാംഗങ്ങളുണ്ടായിരുന്നു. ജീവിതത്തിനും മരണത്തിനുമിടയിലുള്ള എല്ലാ നിയമങ്ങൾക്കും അദ്ദേഹം വിധേയനായിരുന്നു. (16/4/21) കൃഷ്ണന് അനേകം ഭാര്യമാരുണ്ടായിരുന്നു എന്നാണ് അറിയപ്പെടുന്നത്. അവരിൽ രണ്ട് പേർ അദ്ദേഹത്തിന്റെ കസിൻസ് ആയിരുന്നു. ഭദ്രയും മിത്രബിന്ദയും ! മറ്റു ചില ഭാര്യമാരുടെ പേരുകൾ റുക്സിമിനി, കാളിന്ദി, സത്യ, ജംബാഭാട്ടി, രോഹിണി, ലക്ഷന, സത്യഭാമ, താന്നി എന്നിവരാണ്.

മറ്റു ചില പ്രഭവസ്ഥാനങ്ങളിൽ നിന്നും, മൂന്ന് ഭാര്യമാരുടെ പേരുകൾകൂടി, നമുക്ക് ലഭ്യമാണ്. നാഗ്നജിട്ടി, ഷൈബാസുദാത്ത്: മദ്‌രി സുഭിമ: എന്നിവരാണവർ. ചുരുക്കത്തിൽ, അദ്ദേഹം മരണമടയുന്ന ഒരു മനുഷ്യനായിരുന്നു എന്ന് നമുക്ക് തറപ്പിച്ചു പറയാം. എന്നാൽ അദ്ദേഹം തന്റെ കാലഘട്ടത്തിലെ മാതൃകാ പുരുഷൻ തന്നെ ആയിരുന്നു. (മഹാഭാരതം 6/66/102)

കൃഷ്ണൻ ഒരു പുതിയ മതം സ്ഥാപിക്കുവാൻ വന്ന ആളല്ല. എന്നെന്നും നിലനില്ക്കുന്ന മതത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. യഥാർത്ഥ മതത്തിന്റെ ഒരു പ്രവാചകനും നിശ്ചയദാർഢ്യമുള്ള ആളും മാത്രമായിരുന്നു അദ്ദേഹം പ്രബോധിച്ചത് എന്നെന്നും നിലനില്ക്കുന്ന മതത്തിന്റെ അധ്യാപനങ്ങളാണ്, എന്നെന്നും നിലനില്ക്കുന്ന മതവും സത്യവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. സത്യമാകുന്നു ദൈവം, ദൈവം സത്യവുമാകുന്നു. 12/162/241

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ മാനവ പ്രകൃ

തിയുടെ തെളിവാണ് മതം. മതത്തെ ഉപേക്ഷിക്കുന്ന മനുഷ്യൻ മൃഗത്തേക്കാൾ മേന്മയുള്ളവനുമല്ല.

നാം മനസ്സിലാക്കേണ്ട ഒരു കാര്യമാണ്, അതായത് ഹിന്ദു എന്ന വാക്ക്, യഥാർത്ഥമായി ഉപയോഗിച്ചിരുന്നത്, ഒരു പ്രത്യേക സ്ഥലത്ത്, അധിവസിക്കുന്നവരെ പറ്റി വിവരിക്കുന്നതിനായിരുന്നു, അല്ലാതെ ഒരു പ്രത്യേക മതവിശ്വാസ പ്രഖ്യാപകന്റെ പേരായിരുന്നില്ല. എന്നാൽ ഇന്ന് അതിന്റെ അർത്ഥം അങ്ങനെ ഉപയോഗിക്കുന്നതായി കാണുന്നു.

ഹിന്ദുയിസം എന്നവാക്ക് ഒരു പ്രത്യേക വിശ്വാസസംഹിതയോട് ചേർത്തുപറയുവാൻ തുടങ്ങിയത് ശ്രീകൃഷ്ണാവതാരത്തിനു വളരെ മുമ്പ് മുതൽ തന്നെ തുടങ്ങിയിരുന്നു. ഗൗതമ ബുദ്ധനും വളരെ മുമ്പു മുതൽ തന്നെ (ഏതാണ്ട് ബി.സി. 500)

വേദഗ്രന്ഥങ്ങളിൽ നിർദ്ദേശിക്കപ്പെട്ട അഥവാ കല്പിക്കപ്പെട്ട കാര്യങ്ങൾ മാത്രമാണ് ശ്രീകൃഷ്ണൻ പ്രവർത്തിച്ചത്. സംസ്കൃതത്തിൽ പറയപ്പെടുന്ന ബ്രഹ്മമുഹൂർത്തത്തിൽ പ്രഭാതത്തിലെ ഒരു നിശ്ചിത സമയത്ത്, എല്ലാ ദിവസവും അദ്ദേഹം എഴുന്നേല്ക്കുമായിരുന്നു (സൂര്യോദയത്തിന് മുമ്പുള്ള 48മിനിട്ട് സമയം, അറബിയിൽ പ്രഭാത നമസ്ക്കാരത്തിനായി മുസ്ലിംകൾ ബാങ്ക് വിളിക്കുന്ന ഫജ്ർ സമയവും ഇതും അതും ഒന്നു തന്നെയാകുന്നു.)

അദ്ദേഹം അദ്ദേഹത്തിന്റെ മുഖവും കൈകളും കഴുകിയിരുന്നു. (നിത്യപ്രാർത്ഥനയ്ക്ക് മുമ്പായി) മുസ്ലിംകൾ അംഗശുദ്ധിവരുത്തുന്ന രീതിയും, ഇതും ഒരു പോലെ തന്നെയാണ്) അതേ തുടർന്ന് അദ്ദേഹം പ്രാർത്ഥനയിൽ, ധ്യാനത്തിൽ മുഴുകുമായിരുന്നു. സൃഷ്ടാവിനെ ധ്യാനിക്കുക, സമാനതകളില്ലാത്ത പരമാത്മാവിനെ മാത്രം ധ്യാനിക്കുക, അവൻ പ്രകാശമാണ്, സമ്പൂർണ്ണ പരിശുദ്ധനുമാണ് (മുസ്ലിംകൾ സുബ്ഹാന, എന്ന അറബിവാക്ക് പരിശുദ്ധനായവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു) എന്ന് പ്രാർത്ഥിക്കുന്നു. കൃത്യമായ ഇടവേളകളിൽ സന്ധ്യാസമയത്ത് ശ്രീകൃഷ്ണൻ ശുദ്ധജലത്തിൽ സ്നാനം നടത്തിയിരുന്നു. തുടർന്ന് ശുദ്ധവസ്ത്രം

ധരിക്കുകയും, പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തിരുന്നു. (വിഷ്ണു ഭഗവത് പുരാണം)

മദ്ധ്യാഹ്ന രാത്രിയിൽ അദ്ദേഹം തന്റെ കിടക്കവിട്ടെഴുന്നേല്ക്കുകയും (മുസ്ലിംകളുടെ തഹജ്ജദ് പ്രാർത്ഥനാസമയം) തന്റെ ദൈവത്തെ ആരാധിക്കുകയും ചെയ്തിരുന്നു. (മഹാഭാരതം) 12/53/1-2) സംസ്കൃത വാക്കായ ബ്രഹ്മ എന്നവാക്കിന്റെ അർത്ഥം വലുത് എന്നാകുന്നു. അറബിയിൽ ഇതിന് അക്ബർ എന്നാണ് പറയുന്നത്. ഈ സംസ്കൃത, അറബിക് വാക്കുകളെകുറിച്ച് ചിന്തിക്കുന്നത് വളരെ പ്രയോജനകരമാണ്.

അൽഅക്ബർ എന്നു പറഞ്ഞാൽ ഏറ്റവും വലിയവൻ എന്നാകുന്നു അർത്ഥം. ഏറ്റവും വലിയവൻ എന്നത് ദൈവത്തിന്റെ ഒരു ഗുണവിശേഷമാകുന്നു. (മുസ്ലിം, പ്രാർത്ഥനയ്ക്കായി വിളിക്കുന്ന വാക്ക് തുടങ്ങുന്നത്, അല്ലാഹു അക്ബർ -ദൈവം ഏററവും വലിയവനാകുന്നു എന്നാകുന്നു.)

ശ്രീകൃഷ്ണൻ ദൈവത്തോട് ഒരു പുത്രനുവേണ്ടി പ്രാർത്ഥിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. തന്നെപോലെ കാണാൻ നല്ല സുന്ദരനായ കുട്ടി, ശക്തിമാനായ കുട്ടി, വീര്യമുള്ളവനായ കുട്ടി! ഉഗ്രമായ സന്മാർഗ്ഗ നിഷ്ഠയുള്ള കുട്ടി, വേദഗ്രന്ഥങ്ങളിൽ നിപുണനായ കുട്ടി! **(Haribangsha 3/93)** ദൈവദൂതന്മാർ സത്പുത്രന്മാർക്കായി പ്രാർത്ഥിക്കുന്നത് സാധാരണ സംഭവം തന്നെ! ശ്രീകൃഷ്ണൻ ദിവംഗതനായത് 101 അല്ലെങ്കിൽ 105-ാംമത്തെ വയസ്സിലായിരുന്നു എന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

## ALLEGORICAL STORIES OF KRISHNAS NATURE

## ശ്രീകൃഷ്ണ പ്രകൃതിയെകുറിച്ചുള്ള ദൃഷ്ടാന്തരൂപമായ കഥകൾ

ശ്രീകൃഷ്ണൻ ഗോപികമാരോടൊപ്പം ജലക്രീഡ നടത്തിയതായും അവരുടെ വസ്ത്രങ്ങൽ പിടിച്ചെടുക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഇവർ പശുക്കളെ പരിപാലിക്കുന്ന സ്ത്രീക

ളാണ് എന്നാണ് കരുതപ്പെടുന്നത്. മതകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കലാകാരന്മാർ ഈ കഥയ്ക്ക് പെയിന്റിംഗിലൂടെ (ഇതിന്) വളരെ വലിയ പ്രചാരം നല്കുകയുണ്ടായി. ആശയങ്ങളും തത്വസംഹിതകളും, രൂപക കഥകളിലൂടെ അനാവരണം ചെയ്യപ്പെട്ടത് കാലാന്തരത്തിൽ പദാർത്ഥത്തിലൂടെ ഒരു തെറ്റായനിലയിൽ മനസ്സിലാക്കപ്പെട്ടതായിരിക്കാം എന്നാണ് ഇതിനെ നാം മനസ്സിലാക്കേണ്ടത്.

ഗോപി എന്ന പദം ഗോ എന്ന പദത്തിൽ നിന്നും ഉണ്ടായതാണ്. സംസ്കൃതത്തിൽ ഇതിന്റെ അർത്ഥം ലോകം എന്നാകുന്നു. ഈ ലോകത്തെ രക്ഷിക്കുവാൻ ശ്രമിക്കുന്നവരെ ഗോപെമാർ എന്നു പറയുന്നു. ഗോപെ പുല്ലിംഗത്തെയും, ഗോപി സ്ത്രീലിംഗത്തെയും സൂചിപ്പിക്കുന്നു.

ശ്രീകൃഷ്ണൻ ഈ ലോകത്തിന്റെ മേൽനോട്ടക്കാരൻ/ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ അദ്ദേഹത്തെ ഗോപാലൻ എന്ന പദത്തിൽ വിളിക്കപ്പെട്ടു. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹത്തെ അംഗീകരിച്ചവരെ ഗോപിമാർ എന്ന് വിളിക്കപ്പെട്ടു. ഗോപികമാരിൽ ഒരാളെ രാധ അല്ലെങ്കിൽ രാധിക എന്നറിയപ്പെട്ടു. ലോക പ്രശ്സത സന്യാസിവര്യനായ ഹിന്ദു, സ്വാമിവിവേകാനന്ദൻ പറഞ്ഞു, രാധ രക്തവും മാംസവും കൊണ്ടുള്ളതല്ല. രാധ എന്നത് സ്നേഹസാഗരത്തിലെ നുര അഥവാ പതയാകുന്നു.

ഒരു വൃക്ഷത്തിലിരുന്നു സ്ത്രീകളുടെ വസ്ത്രങ്ങൾ കവർന്നതായി ശ്രീകൃഷ്ണനെകുറിച്ച് പറയപ്പെടുന്നു. വൃക്ഷം എന്നത് വചനങ്ങളുടെയും വാക്കുകളുടെയും അടയാളമാകുന്നു. ഒരു നല്ലവാക്ക്, ഒരു നല്ല വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നതായി അറബിഭാഷയിൽ കാണാം. (ഷജറന്തൻ ത്വയ്യിബത്തൻ)

ഇക്കാലത്ത്, ചില ആഘോഷവേളകളിൽ ചെറുപ്പക്കാർ പരസ്പരം നിറങ്ങളും, ചായങ്ങളും തളിക്കുന്നത് ഒരു ഫാഷനായി തീർന്നിരിക്കുകയാണ്. രാധയും, കൃഷ്ണനും അപ്രകാരം കളി

ച്ചിട്ടുണ്ട് എന്ന് സങ്കല്പിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള നിറങ്ങളുടെയും ചായങ്ങളുടെയും കളി നടത്തുന്നത്, ഹോളി, ഡോളെ പൂജ എന്നീ ആഘോഷവേളകളിൽ ഇത്തരം കുട്ടിത്തം മാറാത്ത കളികൾ, അതിവിപുലമായി നടത്തപ്പെടുന്നുണ്ട്. ശ്രീകൃഷ്ണന്റെ നല്ലഗുണങ്ങൾ അനുകരിക്കുന്നതിനു പകരം, ജനങ്ങൾ ഇത്തരം അർത്ഥമില്ലാത്ത കാര്യങ്ങളിൽ, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതാണ് കാണുന്നത്.

## KRISHNAS FLUTE /കൃഷ്ണന്റെ ഓടക്കുഴൽ

ദൈവദൂതന്മാർ ഭൂമുഖത്ത് ആഗതരാകുന്നത്, അവരുടെ ഓടക്കുഴലിലൂടെ ദൈവീക സ്നേഹം ആലപിക്കുവനാകുന്നു. അഥവാ ദൈവീക വിധിന്യായം വിളംബരപ്പെടുത്തുവാനാണ്. ഒരു ഓടക്കുഴലിന് അതിന്റേതായ ഒരു നാദമില്ല, അതിനുള്ളത് അത് വായിക്കുന്നവന്റെ നാദം മാത്രമാണ്. ദൈവദൂതന്മാർ ദൈവത്തിന്റെ കരങ്ങളിലെ ഓടക്കുഴൽ പോലെയാണ്. ദൈവം അവരിലൂടെ അവന്റെ വചനം പ്രഘോഷിപ്പിക്കുന്നു. ഒരു ഓടക്കുഴലിന് സ്വയം ഈണമീട്ടാൻ കഴിയുകയില്ല.

ഓടക്കുഴലിലൂടെ ലോകം മ്യൂസിക് (മധുരധ്വനി) കേൾക്കുന്നതുപോലെ, പ്രവാചകന്മാരിലൂടെ, ദൈവത്തിന്റെ പരിശുദ്ധ മധുരധ്വനി ലോകം കേൾക്കുന്നു. ദൈവസ്നേഹിതർ പ്രസ്തുത ഓടക്കുഴലിന്റെ രാഗത്തിനെ എതിരിട്ട് തടുത്തു കൂടാൻ കഴിയാത്ത നിലയിൽ, അവരെ ദൈവത്തിലേക്ക് ആകർഷിച്ചുകൊണ്ടുപോകുന്നു. അവൾ ഒടുവിൽ അവരുടെ ഭവനങ്ങളെയും അവരുടെ സ്നേഹിതരെയും വേണ്ട എന്ന് വെയ്ക്കത്തക്ക നിലയിൽ! ചിലപ്പോൾ അവർ അവരുടെ ജീവൻ തന്നെ ബലിയർപ്പിക്കുവാനും തയ്യാറാവുന്നു.

ചില അല്പ മനസ്സിന്റെ ഉടമകൾ അഥവാ അതിയായ ആവേത്തിനടിമപ്പെട്ടവർ, ഈ ആത്മീയ മൂല്യങ്ങളുടെ ഗുരുത്വസ്വഭാവം ആസ്വദിക്കുന്നില്ല എന്നത് എത്രയും വേദകരം തന്നെ. മാത്രമല്ല

അവൻ യക്ഷികഥകളിലെ അപഹാസ്യ ഊഹാപോഹങ്ങളിൽ ഇവയെ കൊണ്ട്ത്തിക്കുന്നു. കൃഷ്ണനെ, അവർ, ഓടക്കുഴൽ കയ്യിൽ പിടിച്ചിരിക്കുന്ന ഒരു പയ്യനായി ചിത്രീകരിച്ചിരിക്കുന്നു. മറ്റു ചില ചിത്രങ്ങളിൽ, പ്രായപൂർത്തിയാകത്ത ബാലനായും പ്രത്യക്ഷപ്പെടുന്നു. മദാലസയായ രാധയെ അവന്റെ അരികലും നിർത്തിയിരിക്കുന്നു.

പ്രേമത്തെയും ലൈംഗികതയെയും കുറിച്ച് അറിവില്ലാത്ത ഒരു നിഷ്ക്കളങ്ക കുട്ടിയുടെ മേൽ, രാധയുമായുള്ള സംഭാഷണത്തിലൂടെ, കളിയിലൂടെ കൃഷ്ണലീല എന്ന പേരിൽ നടത്തപ്പെടുമ്പോൾ, അത് ആരോപിതമായ ഒരു കാര്യമായില്ലേ? കൃഷ്ണനെ ചിത്രീകരിച്ച പ്രഥമ ചിത്രകാരൻ, കൃഷ്ണനെ സുന്ദരനായ, നിഷ്ക്കളങ്കനായ ഒരു വ്യക്തി ആയി സ്മരിക്കപ്പെടണം എന്നു മാത്രമെ ഉദ്ദേശിച്ചിട്ടുള്ളു. എന്നാൽ പിന്നീട് വന്ന കലാകാരന്മാർ, പ്രസ്തുത പ്രഥമകലാകാരന്റെ മാനസിക ഉദ്ദേശത്തെ വഷളാക്കി കളഞ്ഞു, കോട്ടം വരുത്തിക്കളഞ്ഞു.

നാം മനസ്സിലാക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൃഷ്ണനും വിഗ്രഹാരാധനയും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നതാണ്. വിഗ്രഹാരാധനയെ പിന്താങ്ങിയ ഒരു പ്രസ്താവനയും, ശ്രീകൃഷ്ണന്റേതായിട്ടില്ല. ഒരാൾക്കും ഒരു തെളിവും കണ്ടെത്താവതല്ല. മഹാഭാരതത്തിലും ഹരിബാൻഗ്ഷായിലും ഉടനീളം പരതിയാലും പരോക്ഷമായി പോലും സൂചിപ്പിക്കുന്ന ഒരു തെളിവും ലഭ്യമാകില്ല. അദ്ദേഹം, താൻതന്നെ സ്വയം, രൂപമില്ലാത്ത ബ്രഹ്മാവിനെയാണ് ആരാധിച്ചത്. സ്തുതി കീർത്തനങ്ങളും പ്രാർത്ഥനയും നടത്തിയത് സർവ്വലോകങ്ങളുടെയും പ്രകാശമായ സർവ്വശക്തിയെയാണ്. ഒരു പുത്രനു വേണ്ടി അദ്ദേഹം ഒരിക്കലും, ഒരു വിഗ്രഹത്തിന്റെ മുമ്പിലും യാചിച്ചിട്ടില്ല. മറിച്ച്, അദ്ദേഹം തന്റെ സൃഷ്ടാവായ ദൈവത്തോടാണ് അനുഗൃഹീത സുതനു വേണ്ടി അർത്ഥന നടത്തിയത്.

ശ്രീകൃഷ്ണന്റെ ചില ചിത്രങ്ങളിൽ, കലാകാരന്മാർ അവരുടെ

ഭാവനയ്ക്കനുസൃതമായി സൃഷ്ടിച്ചവയാണ്. അതിലെ ഒന്നിൽ വൃത്താകാരത്തിലുള്ള മോതിരം പോലുള്ള ഒരു വസ്തു (ചക്രം) അദ്ദേഹത്തിന്റെ ചൂണ്ടു വിരലിൽ കാണാവുന്നതാണ്. ഒരു പ്രഭാഷകൻ തന്റെ ന്യായവാദങ്ങളുടെ കാതൽ തറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുമ്പോൾ, പലപ്പോഴും തന്റെ ചൂണ്ടുവിരൽ ഉയർത്താറുണ്ട് അതുകൊണ്ട്, ഇത് മിക്കവാറും, ശ്രീകൃഷ്ണന്റെ ചൂണ്ടുവിരലിൽ കാണുന്ന, പ്രസ്തുത വസ്തു അഥവാ ചക്രം, തന്റെ പ്രബോധന സമയങ്ങളിൽ തന്റെ ന്യായവാദം സമർത്ഥിക്കാനായി ഉപയോഗിക്കുകയും, അതിൻ ഫലമായി അധർമ്മത്തെ ഉന്മൂലനം ചെയ്യുകയും ചെയ്തിട്ടുണ്ടായിരിക്കാം. അദ്ദേഹത്തിന്റെ വ്യക്തമായ ന്യായവാദങ്ങളിലൂടെയും, ശക്തമായ തെളിവുകളിലൂടെയും, കുഴപ്പകാരികളെയും അധർമ്മകാരികളെയും അതിശക്തമായി, അദ്ദേഹം നേരിടുകയുണ്ടായി. ചുരുക്കത്തിൽ, മഹാരാജ് ശ്രീകൃഷ്ണന്റെ സുന്ദരമായ മുഖകമലം, വൃത്തികെട്ട പ്രതീകാത്മാകത്വത്തിന്റെ കുഴഞ്ഞുമറിഞ്ഞ മിശ്രിതത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. അത് തികച്ചും സത്യത്തിന്റെ വികൃതാനുകരണമായിപ്പോയി എന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

## KANGSA AND PHARAOH കംസനും ഫറോവയും

ശ്രീകൃഷ്ണന്റെ ജീവിതത്തിനും മോസസിന്റെ ജീവിതത്തിനും തമ്മിൽ വളരെ സാമ്യമുണ്ട്. കൃഷ്ണന്റെ ജനനത്തിന് മുൻപ് കംസരാജൻ വിധിപുറപ്പെടുവിക്കുകയുണ്ടായി. അതായത് ദേവകിയുടെ എല്ലാ പുത്രന്മാരെയും കൊല്ലണമെന്ന്! ഫറോവയും അതുപോലൊരു വിധി പുറപ്പെടുവിക്കുകയുണ്ടായി. അതായത് ഇസ്റാഈലിലെ എല്ലാ പുത്രന്മാരെയും കൊല്ലണമെന്ന്! മോസസ് ജനിച്ചപ്പോൾ, അദ്ദേഹത്തെ ഒരു കുട്ടയിൽ വെച്ച് നദിയിൽ ഒഴുക്കി വിടുകയുണ്ടായി, ഈ പ്രവർത്തി അദ്ദേഹത്തിന്റെ രക്ഷയ്ക്ക് കാരണമായി. കൃഷ്ണന്റെയും ശൈശവത്തിൽ, ഒരു നദികടന്നു പോവുകയുണ്ടായി, അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കുവാനായി. മാത്രമല്ല, ഇരുവരും അതായത് മോസസും കൃഷ്ണനും, അവരുടെ സ്വന്തം

വീടുകളിൽ നിന്നും അകന്ന് ഒരു സാഹചര്യത്തിൽ വളരേണ്ടി വന്നു. ഈ രണ്ട് മഹാ ചരിത്രപുരുഷന്മാരും, അതിശക്തന്മാരായ ശത്രുക്കളെ, എതിരാളികളെ നേരിടേണ്ടി വരികയും കാലഗതിയിൽ അവർ നശിപ്പിക്കപ്പെടുകയും ചെയ്തു.

**THE RE-ADVENT OF KRISHNA : കൃഷ്ണന്റെ പുനഃരവതാരം**

ശ്രീകൃഷ്ണൻ വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്, ആവശ്യം വരുമ്പോൾ അതായത് ശിഷ്ടന്മാരെ രക്ഷിക്കുവാനും ദുഷ്ടന്മാരെ ശിക്ഷിക്കുവാനുമായി! ഈ പ്രഖ്യാപനത്തിന്റെ സത്ത എന്നുപറയുന്നത് എപ്പോഴൊക്കെ സാത്താനിക ശക്തികൾ, അധർമ്മികളുടെ രൂപത്തിൽ ഭൂമിയിൽ ശക്തി പ്രാപിക്കുന്നുവോ, അവരിലൂടെ തിന്മയും, അനീതിയും, ചതിയും, ചൂഷണവും തുടങ്ങിയ പാപങ്ങൾ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സൃഷ്ടിക്കുമ്പോൾ, ഒരു മനുഷ്യന്റെ രൂപത്തിൽ ഒരു രക്ഷകൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുക എന്നത് തികച്ചും അനിവാര്യമാണ് (കല്ക്കി വരുന്നു -ജഗത്‌ലത - പ്രസിദ്ധീകരണം -82, മഹാത്മാഗാന്ധി റോഡ്, കൽക്കട്ട P3)

അതേ ഗ്രന്ഥകർത്താവ് എഴുതുന്നു മറ്റൊരു രക്ഷകനെ, അധികം താമസിയാതെ പ്രതീക്ഷിക്കുകയാണ്. അദ്ദേഹത്തെ കല്ക്കി ദേവൻ എന്ന് വിളിക്കപ്പെടും. ഏറ്റവും നൂതനമായി വരുന്ന ദൈവദൂതൻ പാപവും, ചതിയും, അനീതിയും, ക്രൂരതയും, ചൂഷണവും കൊണ്ട് നിറയപ്പെട്ട ലോകത്തെ ഇല്ലായ്മ ചെയ്ത്, വിപ്ലവകരമായ ഒരു മാറ്റം കൊണ്ടു വരുന്നതാണ്. അത്തരം ഉണ്ടാകുന്ന പുതിയ സംസ്ക്കാരത്തെ സത്യയുഗം എന്ന് വിളിക്കപ്പെടും. അപ്പോൾ അവിടെ സമാധാനം, ക്രമസമാധാനപാലനം, നീതിനിർവ്വഹണം എന്നിവ ഉണ്ടാകുകയും ഭൂമിയിൽ ജീവിതത്തിന്റെ ഒരു സുവർണ്ണ കാലഘട്ടം ഉണ്ടായിവരുകയും ചെയ്യുന്നതാണ്. ഈ ചരിത്രഘട്ടം വളരെ സമീപത്താകുന്നു. (പരാമർശ പുസ്തകം പേജ്6)

മഹാഭാരതത്തിൽ പറയുന്നു. പ്രസ്തുത കാലഘട്ടത്തിൽ (കലിയുഗം) ബ്രാഹ്മണർ അവരുടെ മതത്തെ പിന്തുടരുന്നവരായിരിക്കില്ല. ക്ഷത്രിയരും വൈശ്യരും അധർമ്മ പ്രവർത്തികളിൽ പങ്കാളികളായിരിക്കും. ആദരവില്ലാതെ ബ്രാഹ്മണരോട് സൂദ്രർ സംസാരിക്കുന്നതാണ്. എന്നാൽ ബ്രാഹ്മണർ സൂദ്രരോട് അസാധാരണമായ ആദരവോടെ സംസാരിക്കുന്നതാണ്. നല്ല പെരുമാറ്റവും നല്ല പ്രവർത്തനങ്ങളും അപൂർവ്വമായിരിക്കും. നഗരങ്ങളിലെ പ്രധാന തെരുവുകളിൽ, വ്യഭിചാരിണികളെയും അലഞ്ഞു നടക്കുന്നവരെയും ധാരാളമായി കാണാം. നിശ്ചിത സമയത്ത് മഴ പെയ്യുകയില്ല **(Bonaparba Chapter 199)**

പ്രസ്തുത ഗ്രന്ഥത്തിൽ, കലിയുഗത്തിലെ അടയാളങ്ങളായി, മറ്റ് അനേകം അടയാളങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്, അതിൽപ്പെടുന്നതാണ് സ്ത്രീകൾ അവരുടെ തല മറയ്ക്കുകയില്ല. പെൺകുട്ടികൾ അവരുടെ ഭർത്താക്കന്മാരെ അനുസരിക്കുകയില്ല. തങ്ങളുടെ പുത്രീമാർക്ക് ഭർത്താക്കന്മാരെ കണ്ടെത്തുന്ന ബുദ്ധിമുട്ടുകളൊന്നും അന്ന് ജനങ്ങൾക്കുണ്ടാകില്ല. ഔപചാരികമായി ഒരു വിവാഹവേദിയിൽ വെച്ച് വിവാഹം നടത്തിക്കൊടുക്കേണ്ടതായും വരില്ല. പെൺകുട്ടികൾ അവരുടെ വിവാഹത്തിന് മാതാപിതാക്കളുടെ അനുവാദത്തിന് കാത്തു നിൽക്കേണ്ടതില്ല. ഭരണകർത്താക്കൾ മതത്തെക്കുറിച്ച് അല്പം പോലും ബോധവാന്മാരായിരിക്കില്ല. ആരും ആരുടെയും ഉപദേശം സ്വീകരിക്കുകയില്ല. ഒരാളും മറ്റൊരാളെ ഗുരുവായോ, വഴികാട്ടി ആയോ അംഗീകരിക്കുകയില്ല. ജനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്ന് വിഷമയമായ ആഹാരങ്ങൾ കഴിക്കുന്നതായിരിക്കും. വ്യാപാരങ്ങളിൽ ചതി അത് സർവ്വസാധാരണമായിരിക്കും, അങ്ങനെ പലതും.

**ACCORDING TO THE HARIBANGSHA ഹരിബൻഗ്ഷയിൽ**

വിദ്യാർത്ഥികൾ അവരുടെ അധ്യാപകരെ ബഹുമാനിക്കുകയില്ല. നദികൾ അണക്കെട്ടുകളാക്കപ്പെടും, ഘോരയുദ്ധങ്ങളുണ്ടാകും, ദുരന്തങ്ങൾ വിതയ്ക്കുന്ന കൊടുങ്കാറ്റുകളുണ്ടാകും, ജല

പ്രളയമുണ്ടാകും, ജനങ്ങൾ പരസ്പരം വെറുക്കും, പരസ്പരം ഉപദ്രവിക്കുവാൻ പരിശ്രമിക്കും, റോഡുകൾ നിറയെ പിടിച്ചുപറിക്കാരായിരിക്കും. സ്ത്രീകൾ അവരുടെ മുടികൾക്ക് പ്രത്യേക പരിഗണന നല്കി ചീകി മോടിപ്പിടിപ്പിക്കും, വളരെയധികം ആഭരണങ്ങളും ധരിക്കും.

ആ ദിനങ്ങളിൽ കൂടുതൽ ആളുകൾ കവിതകൾ രചിക്കും. അതേ സ്ഥലത്തിരുന്ന് ഭക്ഷണം കഴിക്കും. മദ്യവും മാംസവും അത് ഒരു ഫാഷനായിരിക്കും. ധനാധിപത്യത്തിലുള്ള ഗർവ്വ് സാധാരണയെക്കാൾ വളരെ കൂടുതലായിരിക്കും. ബ്രാഹ്മണർ വേദങ്ങളെ വിലയ്ക്ക് വില്ക്കുന്നതാണ്. (ഭവിഷ്യത് പുരാണം, കലിയുഗനാശവും സത്യയുഗ ചിത്രീകരണവും)

ഇത് കലിയുഗമാണെന്നതിന് ഒരു സംശയവുമില്ല. ആ കാലഘട്ടത്തിൽ ഹൈന്ദവ പണ്ഡിതന്മാർ, കൃഷ്ണന്റെ രണ്ടാം അവതാരത്തെ പ്രതീക്ഷിക്കുന്നവരാണ്. ഡൽഹിയിൽ നിന്നും പ്രസിദ്ധീകരക്കുന്ന തേജ് **(Tej)** പത്രം പറയുന്നു. മഹാഭാരത കാലഘട്ടത്തേക്കാൾ അനിവാര്യമായിരിക്കുകയാണ് ശ്രീകൃഷ്ണന്റെ ജനനം ഉണ്ടാകുക എന്നത്. ഭഗവത്ഗീതയിൽ ദൈവം വാഗ്ദാനം ചെയ്ത കാര്യങ്ങൾ സത്യമാണെങ്കിൽ, ഈ കാലത്ത് ഒരു അവതാരം ഉണ്ടാകേണ്ടത് തികച്ചും അനിവാര്യമാണ്. അതിനാൽ കൃഷ്ണ ഭഗവാനെ വരൂ! ജന്മമെടുക്കൂ, അശുദ്ധിയാൽ നിറയ്ക്കപ്പെട്ട ഈ ലോകത്ത് തേരോടിക്കൂ! എന്നിട്ട് മതം സ്ഥാപിക്കൂ! **(The Tej, dated 18 Aug 1930) (1930**ആഗസ്റ്റ് 18ന് തേജ് പത്രത്തിൽ പ്രസിദ്ധീകരിച്ചത്)

മറ്റൊരു ഗ്രന്ഥത്തിൽ നാം ഇങ്ങനെ വായിക്കുന്നു. ഭഗവാനെ, നിസ്സഹായകരായ അങ്ങയുടെ കുട്ടികൾ കാത്തിരിക്കുന്നത് ശ്രദ്ധിച്ചാലും, അങ്ങുവന്നാലും (സുദർശന ചക്രം 1928 ആഗസ്റ്റ് 29 **P** 29)

അലഹബാദിൽ നിന്നും പുറപ്പെടുന്ന സത്യയുഗ് എന്ന ദിനപത്രത്തിൽ ഒരു പണ്ഡിറ്റ് എഴുതുന്നു. ഒരു പുരുഷായുസ്സിൽ നിന്ന്

മറ്റൊരു പുരുഷായുസിലേക്ക് (ഒരുയുഗത്തിൽ നിന്ന് മറ്റൊരു യുഗത്തിലേക്ക്) ലോകം കടന്നുപോകുമ്പോൾ, അവിടെ ചരിത്രപ്രധാനമായ സംഭവങ്ങൾ ഉടലെടുക്കുന്നു. സൂര്യനെയും, ചന്ദ്രനെയും ഒരുമിച്ച് കൊണ്ട്‌വരപ്പെടും. (പ്രത്യേക രീതിയിലുള്ള സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിക്കുന്നു.) അങ്ങനെ സത്യയുഗം അതിനെ തുടർന്ന് ആരംഭിക്കുന്നതാണ്.

മറ്റു ചില പണ്ഡിതന്മാർ പറയുന്നു. ഈ സംഭവം ഉണ്ടാകുന്നത് 2000-ാം മാണ്ടിലെ ബിക്റാമി കലണ്ടർ പ്രകാരം സ്രാബാൻ മാസത്തിലായിരിക്കും. ഇവിടെ സത്യയുഗം ആരംഭിക്കുന്നു. കലിയുഗത്തിന്റെ അവസാനവുമായിരിക്കും.

**WORLD WIDE ROLE OF KRISHNA IN HIS SECOND ADVENT**

**രണ്ടാം വരവിൽ ശ്രീകൃഷ്ണന്റെ ലോകവ്യാപകമായ ജോലി**

ഭഗവത്ഗീതയിലെ 11-ാം അധ്യായത്തിൽ, കൃഷ്ണന്റെ ലോകവ്യാപകമായ ജോലിയെപറ്റി, പാത്രധർമ്മത്തെപ്പറ്റി പ്രതിപാദിക്കുന്നതാകുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ആര്യ ഭാരതത്തിന്റെ വഴികാട്ടി ആയിരുന്നു.

കാര്യം അങ്ങനെ ആണെങ്കിലും, പിൽക്കാലത്ത് അദ്ദേഹത്തിന്റെ അവതാരമുണ്ടാകുമ്പോൾ, അദ്ദേഹത്തെ കല്ക്കി എന്ന് വിളിക്കപ്പെടും, വിശ്വയ്ക ഭരണകർത്താവായിരിക്കം എന്ന് പറപ്പെട്ടിരിക്കുന്നു. അതിന്റെ അർത്ഥം അദ്ദേഹത്തിന്റെ ദൗത്യം പിൽക്കാലത്ത് ആഗോളതലത്തിലായിരിക്കും. മുൻകാലത്ത് ശ്രീകൃഷ്ണൻ വന്നതിനെക്കാൾ, ആയിരം മടങ്ങ് മഹത്വത്തോടെ ആയിരിക്കും രണ്ടാം വരവ് എന്നർത്ഥം.

കൃഷ്ണന്റെ സഹോദരിപുത്രനായ അർജ്ജുനൻ, അത് മാത്രമല്ല കൃഷ്ണന്റെ ആത്മമിത്രവുമായിരുന്നു, അദ്ദേഹം. കൃഷ്ണനോട് യാചിക്കുകയുണ്ടായി. കൃഷ്ണന്റെ ആഗോള ആകൃതിയുടെ അല്പ ദർശനം കാണിക്കുവാനായി. മറുപടിയായി ശ്രീകൃഷ്ണൻ പറഞ്ഞു. നഗ്നനേത്രങ്ങൾ കൊണ്ട് കൃഷ്ണന്റെ ആഗോള പ്രതിഭാസം ദർശിക്കാവതല്ല. അതിന് നിനക്ക് അന്തർദർശനം

എന്ന കഴിവ് ഉണ്ടാകേണ്ടതുണ്ട് അഥവാ ദൈവീക വെളിപാടുകൾ ലഭിക്കേണ്ടതുണ്ട്.

അർജ്ജുനൻ ഭാഗ്യവനാണ്. കൃഷ്ണന്റെ ആഗോള രൂപം അസാധാരണമായ നിലയിൽ, ക്ഷണപ്രഭയിലൂടെ കാണുകയുണ്ടായി. അദ്ദേഹം ഈ അനുഭവത്തെ ഇപ്രകാരം വിവരിക്കുന്നു. ഇത് സംബന്ധമായി അദ്ദേഹം പറയുന്നു. ആയിരം സൂര്യന്മാർ ഒരേ സമയം, അവയുടെ അതിശക്തമായ പ്രകാശകിരണങ്ങൾ, പുറപ്പെടുവിക്കുകയാണെങ്കിൽ, അവയ്ക്ക് ഇത്തരം പ്രകാശപൂർണ്ണമായ അവസ്ഥ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. അപ്പോൾ അവയുടെ കിരണങ്ങൾ കൃഷ്ണന്റെ ആഗോള ആകൃതിയെ പിന്തുടരുന്നതാണ്. വീണ്ടും അർജ്ജുനൻ പറയുന്നു. മുഴു ലോകത്തെയും ഒരുമിച്ചു ചേർക്കപ്പെട്ട വിദൂര ഭാഗങ്ങളിൽ ചിതറിക്കിടന്ന ഭാഗങ്ങളെ എല്ലാം കൃഷ്ണന്റെ ആഗോള രൂപത്തിലുള്ള പ്രഭാപുരത്തിൽ കൊണ്ടു വരപ്പെട്ടു.

അതുകൊണ്ടാണ് പറയുന്നത് ലോകവ്യാപകമായ ദൗത്യവുമായി ശ്രീകൃഷ്ണൻ അവതരിക്കപ്പെടുമ്പോൾ ലോകരാഷ്ട്ര ജനതയെ ഒരുമിച്ചു, ചേർക്കുന്നതിനുള്ള ഒരു ഉപകരണമായി മാറുന്നതാണ് അദ്ദേഹം! ചുരുക്കത്തിൽ അദ്ദേഹം ലോകത്തിന്റെയും മുഴുജനതയുടെയും ഭരണകർത്താവായി തീരുന്നതാണ്. പൗരാണിക ഗ്രന്ഥമായ കൽക്കി പുരാണത്തിൽ കൃഷ്ണനെകുറിച്ച് പറഞ്ഞിരിക്കുന്നത് ആയിരം സൂര്യന്മാരുടെ പ്രഭാ പൂരത്തിനുടമയായിരിക്കും ശ്രീകൃഷ്ണനെന്നാണ്(3/19/22)

ശ്രീകൃഷ്ണന്റെ അനേകം അനുചരന്മാർ, മുൻകഴിഞ്ഞ വിവരണത്തെ ഉപയോഗിച്ചുകൊണ്ട്, അദ്ദേഹം ദൈവമായിരുന്നെന്ന് വാദിക്കുന്നു. എന്നാൽ ഗീതയിൽ നിന്ന് നമുക്ക് കാണിക്കുവാൻ സാധിക്കും അദ്ദേഹം ദൈവമായിരുന്നില്ലെന്ന്! ദൈവം ജനിക്കുന്നവനല്ല. അവൻ എല്ലാത്തിന്റെയും രക്ഷകനാകുന്നു. (ഗീത 10/3) നമുക്കെല്ലാപേർക്കും അറിയാവുന്നതാണ്. അതായത്

കൃഷ്ണൻ ജനനത്തിനും മരണത്തിനും വിധേയനായ ആളാണെന്ന്!

പാപങ്ങളെ നീക്കം ചെയ്യുന്നവനായിട്ടാണ് കൽക്കി അവതാരത്തെ അവതരിപ്പിച്ചിരിക്കുന്നത്. (അതേ ഗ്രന്ഥത്തിൽ 3/18/4) നക്ഷത്ര തുല്യനായ മനുഷ്യർക്കിടയിലുള്ള ചന്ദ്രനായിട്ടാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത് (3/19/14) അദ്ദേഹത്തിന്റെ ഗ്രാമത്തിൽ അദ്ദേഹത്തിന്റെ കാൽപ്പാദത്തിനരികെ ഒരാളുടെ ശവ സംസ്ക്കാര ചടങ്ങ് നടത്തിയാൽ, അദ്ദേഹത്തെ അംഗീകരിച്ചശേഷം, അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ അനുസരിച്ച് ജീവിച്ചാൽ, അത്തരം വ്യക്തിയുടെ പാപം ദുരീകരിക്കപ്പെടുകയും മോക്ഷ പ്രാപ്തി ലഭിക്കുകയും ചെയ്യുന്നതാണ്. (3/18/14)

ഇതുകൊണ്ട് അർത്ഥമാക്കുന്നത്, അദ്ദേഹത്തിന്റെ നിഷ്ക്കളങ്കരായ അനുയായികൾ, അവരെ, ഒരു പ്രത്യേക സ്ഥലത്ത്, ശ്മശാനത്തിൽ അടക്കം ചെയ്താൽ അവർ ദൈവീക മതത്തിനു വേണ്ടി മഹത്വരമായ ത്യാഗങ്ങൾ ചെയ്തവരാകുകയും ചെയ്താൽ, തീർച്ചയായും അവർ സ്വർഗ്ഗം പ്രാപിക്കുക തന്നെ ചെയ്യുന്നതാണ്.

..............അവസാനിച്ചു......

ദൈവത്തിന് സ്തുതി